Reg: No K. 51

# തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

| | പോസ്റ്റ്ഓഫീ | പോസ്റ്റ്മാ |
|---|---|---|
| ഒരു കൊല്ലത്തേയ്ക്ക് | 27_00 | 6_00 |
| 6 മാസത്തേയ്ക്ക് | 13_50 | 3_00 |
| 1 മാസത്തേയ്ക്ക് | 2_25 | 1_50 |
| എജന്റുമാർവഴി ഒരു മാസത്തേയ്ക്ക് വിതരണച്ചെലവ് അടക്കം | | 2_10 |
| ഒറ്റപ്രതി | 0_07 | 0_10 |

ഏജന്റുമാർക്ക്.

പുസ്തകം 12 | ലക്കം 125 | 1965 മേയ് 13 വ്യാഴം | തൃശ്ശൂർ | വില 7 പൈസ | പേജ് 4

## സിക്കപ്പൂർപ്രധാനമന്ത്രി ഇന്ത്യയിൽ

പി ടി ഐ ന്യൂഡൽഹി, മേ. 12

സിക്കപ്പൂർ പ്രധാനമന്ത്രി മി. ലീകൈൻ ക്യൂ, വിദേശകാര്യമന്ത്രി സ്വരൺസിംഗിനെ സന്ദർശിച്ച സംഭാഷണം നടത്തിയിരിക്കുന്നു.

പിന്നീട് അദ്ദേഹം കൽക്കട്ടക്കുപോയി. അവിടെനിന്നും അദ്ദേഹം റംഗൂണിലേക്ക് പോകും. ഇന്നലെ മി. ലീ പ്രധാനമന്ത്രിയെകണ്ടു സംഭാഷണംനടത്തി.

# പ്ര. മന്ത്രിശാസ്ത്രിക്കു് മോസ്കോയിൽ ഹാർദ്ദമായ സ്വീകരണം

## ക്രെംലിനിൽ നാലുദിവസം ദീർഘിക്കുന്ന ചർച്ചകൾ ആരംഭിച്ചു

(പി. ടി. ഐ.) മോസ്കോ മെയ് 12

**സോവ്യറ്റ് യൂണിയനിൽ ഔദ്യോഗികസന്ദർശനം നടത്താൻ ഇന്നിവിടെയെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിക്കു് ഹൃദ്യമായ ഒരു സ്വീകരണം നൽകപ്പെട്ടു.**



'സോവ്യറ്റ് യൂണിയനിലേക്കു് സ്വാഗതം' എന്നാശംസിച്ചുകൊണ്ടു് സോവ്യറ്റ് പ്രധാനമന്ത്രി കോസിജിൻ ശാസ്ത്രിയെ നക്ഷത്രവേഗ വിമാനത്താവളത്തിൽവച്ചു് ഹസ്തദാനംചെയ്തു് സ്വീകരിച്ചു.

നക്ഷത്രവേഗ വിമാനത്താവളം ഇന്ത്യൻ പതാകകളേയും പതാകകളാൽ അലങ്കരിക്കപ്പെട്ടിരുന്നു. 'ഇന്ത്യാ–സോവ്യറ്റ് സൌഹാർദ്ദം നീണാൾ വാഴട്ടെ' എന്നെഴുതിയ ഒരു വലിയ ബാനർ വിമാനത്താവളത്തിൽ ഉയർത്തിക്കെട്ടിയിരുന്നു.

മോടിയായി അണിഞ്ഞൊരുങ്ങിയ മോസ്കോ ഗാരിസൺ സേനയുടെ ഗാർഡ് ഓഫ് ഓണർ ശാസ്ത്രി പരിശോധിച്ചു പിന്നീടു് അദ്ദേഹം സല്യൂട്ട് സ്വീകരിച്ചു.

ഇന്ത്യൻ ദേശീയഗാനങ്ങളും ആലപിക്കപ്പെട്ടു. ശാസ്ത്രിയെ വഹിച്ചുകൊണ്ടെത്തിയ എയർ ഇന്ത്യാ വിമാനം സുഖകരമായ കാലാവസ്ഥയിൽ ഇന്ത്യൻ സ്റ്റാന്റേർഡ് സമയം ഉച്ചകഴിഞ്ഞു് 2–30നു് നക്ഷത്രവേഗ വിമാനത്താവളത്തിലെത്തി. സോവ്യറ്റ്–ഇന്ത്യൻ പ്രതാകകളുയർത്തി ജനക്കൂട്ടം അദ്ദേഹത്തെ ഹർഷാരവം മുഴക്കി എതിരേറ്റു.

ശാസ്ത്രി കൈകൊടുക്കുവാൻ വിമാനത്താവളത്തിലെത്തിയിരുന്നവരിൽ പ്രമുഖർ.

ഇന്ത്യൻ സ്ഥാനപതി ടി. എൻ. കൌൾ, പ്ലാനിങ്ങ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ അശോകമേത്താ എന്നിവരും വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു.

### കോസിജിനെ കണ്ടു

പിന്നീടു് ശാസ്ത്രി സോവ്യറ്റ് പ്രധാനമന്ത്രി കോസിജിനെ സന്ദർശിച്ചു് സംഭാഷണം നടത്തുകയുണ്ടായി. സോവ്യറ്റ് പ്രസിഡന്റ് മിക്കോയനുമായും അദ്ദേഹം സംഭാഷണം നടത്തി. സോവ്യറ്റ് നേതാക്കളുമായുള്ള ശാസ്ത്രിയുടെ ചർച്ച നാലുദിവസം ദീർഘിക്കും.

### സോവ്യറ്റ് പത്രങ്ങൾ

സോവ്യറ്റ് പത്രങ്ങൾ ഇന്നു് പ്രധാനമന്ത്രി ശാസ്ത്രിയുടെ ചിത്രവും ജീവചരിത്രസംഗ്രഹവും നൽകിയ പേജിൽത്തന്നെ പ്രസിദ്ധപ്പെടുത്തി.

'സ്വാഗതം' എന്ന ശീർഷകത്തിൽ സോവ്യറ്റ് കമ്മ്യൂ. പാർട്ടി ജിഹ്വയായ 'പ്രവ്ദ' ഇപ്രകാരമെഴുതി: 'നമ്മുടെ രാജ്യത്തു് ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ഈ സന്ദർശനം ഇന്ത്യയും സോവ്യറ്റ് യൂണിയനും തമ്മിലുള്ള പരസ്പരാഗാധമായ മൈത്രീബന്ധത്തെ ശക്തിപ്പെടുത്തുന്ന ഒരു പുതിയ സംഭാവനയായിരിക്കും.'

മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്രുവിന്റെയും നേതൃത്വത്തിൽ ശാസ്ത്രി ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്കുവഹിച്ചിട്ടുണ്ടെന്നും പ്രവ്ദ പറഞ്ഞു. സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പങ്കെടുത്തതിനു് ബ്രിട്ടീഷ് കോളനി ഭരണകർത്താക്കൾ അദ്ദേഹത്തെ പലതവണ അറസ്റ്റ് ചെയ്തിട്ടുണ്ടു്.

ഇന്ത്യ അനുവർത്തിക്കുന്നതു് ചേരിചേരാനയമാണെന്നും സോവ്യറ്റ് യൂണിയനുമായുള്ള 'അതിന്റെ ബന്ധം ശക്തിപ്പെടുത്തുവാനഭിലഷിക്കുന്നവെന്നും കഴിഞ്ഞ ഏപ്രിലിൽ ന്യൂഡൽഹിയിൽവച്ചു് ഇൻഡോ–സോവിയറ്റ് കൾച്ചറൽ സൊസൈറ്റിയുടെ ഒരു യോഗത്തിൽ ശാസ്ത്രി പറഞ്ഞതിനെ പ്രവ്ദ പ്രശംസിച്ചു.

### ഡൽഹിയിൽ

റഷ്യയും ഇന്ത്യയും തമ്മിലുള്ള ഉറച്ച സൌഹൃദത്തിന്റെ പ്രതീകമായിട്ടാണു് ഡൽഹിയിൽ നിന്നും ശാസ്ത്രി മോസ്കോയിലെത്തിയിരിക്കുന്നതെന്നു് 'ഇസ്വെസ്തിയാ' പത്രം പറഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ശാസ്ത്രി വഹിച്ച പങ്കിനെപ്പറ്റിയും പത്രം പരാമർശിച്ചിട്ടുണ്ടു്.

ശാസ്ത്രിയുടെ പത്നി ലളിതാശാസ്ത്രിയും വിദേശകാര്യമന്ത്രി സ്വരൺസിങ്ങും ഒരു ചെറിയ ഉദ്യോഗസ്ഥസംഘവും ശാസ്ത്രിയെ അനുഗമിക്കുന്നുണ്ടു്.

....

## ഹോചിമിന്റെ പിറന്നാളാഘോഷം വമ്പിച്ച ഗ്രാമീണ ആക്രമണത്തിനു സാദ്ധ്യത

(റോയിട്ടർ) സായ്ഗോൺ മെ. 12

ഒരു വലിയ പട്ടണത്തിന്റെമേൽ ഇന്നലെ ഗിയറിംകോങ്ങ് ഗ്രാമീണർ നടത്തിയ സാഹസികമായ ആക്രമണത്തെ തുടർന്നു് ഇനിയും അത്തരം വമ്പിച്ച ആക്രമണങ്ങളുടെ തുടരുമെന്നു് കരുതപ്പെടുന്നു. മെയ് 19 ഒരു പ്രധാനദിവസമായിരിക്കും. അന്നാണു് വടക്കൻ വിയറ്റ്നാം പ്രസിഡണ്ടു് ഹോചിമിന്റെ 74–ാം ജന്മദിനം.

[ജനിച്ചതു് ഇതേ തീയതിയിൽത്തന്നെയോ അതോ മെയ് മാസത്തിലോ എന്നു് സംശയമുണ്ടു്]

അക്രമികളെ വളയാൻ തെക്കൻ വിയറ്റ്നാം സേന ഇന്നു നടത്തിയ ഒരു ശ്രമം വിഫലമായതായി കാണപ്പെട്ടു.

## മെയിൻ പാളം തെറ്റി

(പി ടി ഐ) ന്യൂഡൽഹി, മേ 12

അമൃത്സറിലേക്കു് പോയിരുന്ന പ്രൈയിങ്ങ് മെയിൽ ട്രെയിനിന്റെ ഏഴു ബോഗികൾ ഇവിടെനിന്നും 20 മൈൽ അകലെ സന്ദൽകലാൻ എന്ന സ്ഥലത്തുവച്ചു് ഇന്നുച്ചകഴിഞ്ഞു് പാളം തെറ്റിയതിന്റെ ഫലമായി ഏഴുപേർക്കു് പരിക്കുപറ്റിയിരിക്കുന്നു.

അപകടത്തിന്റെ കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല.

## മെയ് 20നു് പന്നി മുടക്കം ചെത്തുതൊഴിലാളി യൂണിയന്റെ തീരുമാനം

(സ്വ ലേ) എറണാകുളം, മേ 12

എറണാകുളം ചെത്തുതൊഴിലാളി യൂണിയന്റെ പ്രസിഡണ്ടായി ടി. സി. എൻ. മേനോനേയും ജന: സിക്രട്ടറിയായി ടി. കെ. ശ്രീധരനേയും തെരഞ്ഞെടുത്തിരിക്കുന്നു.

തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മെയ് 20–ാം തീയതി മുതൽ പന്നി മുടക്കുന്നതിനും യൂണിയൻ തീരുമാനിച്ചിട്ടുണ്ടു്.

## 8 വിയറ്റ്നാമിന്റെ സ്വയംനിർണ്ണയാവകാശം

(പി ടി ഐ) കൽക്കട്ട മെ. 12

സ്വയം നിർണ്ണയാവകാശത്തിനുള്ള വിയറ്റ്നാം ജനതയുടെ അവകാശത്തെ ഉയർത്തിപ്പിടിക്കേണ്ടതാണെന്നു് സിങ്കപ്പൂർ പ്രധാനമന്ത്രി ലീകുവാന്റെ പ്രസ്താവിച്ചിരിക്കുന്നു.

റംഗൂണിലേക്കു പുറപ്പെടുന്നതിനുമുമ്പായി ഡംഡം വിമാനത്താവളത്തിൽവച്ചു് പത്രലേഖകരോടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സായുധശക്തികൊണ്ടോ സംഘടിത ഭീകരപ്രവർത്തനങ്ങൾകൊണ്ടോ അടിച്ചമർത്തപ്പെട്ടു് അവസാനം കമ്മ്യൂണിസത്തിന്റെ ബലിയാടുകളാക്കപ്പെടാതിരിക്കാൻ ദക്ഷിണ വിയറ്റ്നാമികൾക്കു് അവകാശമുണ്ടെന്നു് ജനാധിപത്യസോഷ്യലിസ്റ്റുകളെന്നനിലയിൽ നാം പ്രഖ്യാപിക്കണമെന്നു് അദ്ദേഹം പറഞ്ഞു.

## ഇന്ത്യക്കുള്ള സോവ്യറ്റ് സഹായം മേത്തഡെലിഗേഷൻ വ്യക്തമായ നിർദ്ദേശം സമർപ്പിച്ചു

റോയിട്ടർ മോസ്കോ, മേ. 12

ഇന്ത്യയുടെ നാലപഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിലുള്ളസോവ്യറ്റ് സഹായം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മി. അശോക് മേത്തയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഡെലിഗേഷൻ സമർപ്പിച്ചിരിക്കുന്നു.

വിദേശ രാഷ്ട്രങ്ങളുമായുള്ള സാമ്പത്തികകാര്യബന്ധകാര്യങ്ങളുടെ ചെയർമാൻ മി. സ്വച്ച്കോവ്വശമാണു് ഈ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്.

വിദേശവ്യാപാരകാര്യമന്ത്രി മി. പതോലിച്ചേവിനെ മി. മേത്ത ഇന്നലെ കാണുകയുണ്ടായി. സോവ്യറ്റ് മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുമായിതാൻ നടത്തിയ സംഭാഷണത്തിൽ താൻ വളരെ ഏറെ സംതൃപ്തനാണെന്നു് മി. മേത്ത പ്രസ്താവിച്ചു.

പദ്ധതികൊണ്ടും മാത്രമായി സോവ്യറ്റ് യൂണിയനിൽനിന്ന് 626–കോടിരൂപയുടെ സഹായമാണു് ഡെലിഗേഷൻ ആവശ്യപ്പെട്ടിരിക്കുന്നതു്.

നിർമ്മാണസാമഗ്രികളും സോവ്യറ്റ് യൂണിയനും വിതരണം ചെയ്യുന്നതിനു് ഇന്ത്യക്കു സമ്മതമാണെന്നു് മി. മേത്ത, സോവ്യറ്റ് നേതാക്കന്മാരോടു പറഞ്ഞു.

....

## പാക്കു് വിമാനങ്ങളുടെ അതിർത്തി ലംഘനങ്ങൾ

(പി. ടി. ഐ) ജമ്മു, മേയ് 12

കഴിഞ്ഞ കുറച്ചുകാലത്തു് ജമ്മു മേഖലയിൽ പാക്കിസ്ഥാനി യുദ്ധവിമാനങ്ങൾ അതിർത്തി ലംഘനങ്ങൾ ആവർത്തിക്കുകയുണ്ടായെന്നു് ഔദ്യോഗികമായി അറിയുന്നു.

## ഗോവൻ പ്രശ്നം

# ഉടനടി ലയനം വേണമെങ്കിൽ പറ്റിയ സ്ഥലം മൈസൂരാണെന്നു് നിജലിംഗപ്പ

(പി. ടി. ഐ) ബാഗ്ലൂർ, മേയ് 12

*രാജ്യം അതിന്റെ അതിർത്തികളിൽ ശത്രുവിനെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സമയത്തു് ഗോവയുടെ ഭാവിയെപ്പോലെയുള്ള പ്രശ്നങ്ങളെപ്പറ്റി സംസാരിക്കുന്നതു് വിവരമില്ലായ്മയാണെന്നു് മൈസൂർ മുഖ്യമന്ത്രി മി. എസ്. നിജലിംഗപ്പ ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.*

പാക്കിസ്ഥാനിൽനിന്നും നമ്മുടെ സുരക്ഷിതത്വത്തിനുനേരെ ഉയർന്നിട്ടുള്ള ഭീഷണിയാണു് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നമെന്നും അദ്ദേഹം പറഞ്ഞു. കണ്ണാടകസാഹിത്യ പരിഷത്തിന്റെ ഉൽഘാടനം ചെയ്യുശേഷം കാർവാറിൽനിന്നും മടങ്ങിപ്പോകുന്ന മൈസൂർ മുഖ്യമന്ത്രി ഇവിടെ നടത്തിയ ഒരു ഹ്രസ്വ താമസത്തിനിടയിലാണു് ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു.

ഗോവയുടെ ഭാവിയെപ്പറ്റിയുള്ളമൈസൂരിന്റെ നിലപാടിനെപ്പറ്റി പത്രപ്രതിനിധികൾ ചോദിച്ചു. അദ്ദേഹം ഇങ്ങനെ മറുപടി നൽകി: ഞങ്ങളുടെ നയം വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണു്. തങ്ങളുടെ ഭാവിയെപ്പറ്റി ഗോവക്കാർതന്നെ തീരുമാനിക്കണം. എന്നാൽ, ആദ്യമായി ഈ പ്രദേശം അവർ വികസിപ്പിക്കട്ടെ. വർഷങ്ങൾക്കുശേഷം മഹാരാഷ്ട്രയിൽ ലയിക്കുവാനാണു് അവർക്കിഷ്ടമെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണു്. മൈസൂരിനോടു് ചേരാനാണു് തീരുമാനിക്കുന്നതെങ്കിൽ ഞങ്ങളും സ്വാഗതം ചെയ്യുന്നു.

എന്നാൽ, ഉടനടി ഗോവക്കു് ലയനം ആവശ്യമെങ്കിൽ, സ്വാഭാവികമായ സ്ഥലം മൈസൂരാണു്. ഒരു റഫറണ്ടമൊ ജനഹിത പരിശോധനയൊ ആണു് ഈ പ്രശ്നം പരിഹരിക്കുവാൻ ഏർപ്പെടുത്തുന്നതെങ്കിൽ അപകടകരമായ പ്രത്യാഘാതങ്ങളും അതു സംജാതമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഒരു പൊതുതിരഞ്ഞെടുപ്പിനു് ഈ പ്രശ്നം തീരുമാനിക്കുവാൻ കഴിയുമെന്ന അഭിപ്രായമാണു് മി. നിജലിംഗപ്പക്കുള്ളതു്.

....

## ഫോർവേഡ് ബ്ലോക്കിന്റെ രജതജൂബിലി മധുരയിൽ

[പി. ടി. ഐ] കല്ലൂട്ടി മേ. 12


അഖിലേന്ത്യാ ഫോർവേഡ് ബ്ലോക്കിന്റെ രജതജൂബിലി ആഘോഷം മധുരയിൽവെച്ചു് അടുത്ത ഡിസമ്പർ 23, 24 തീയതികളിലായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി പാർട്ടിയുടെ ജനറൽ സിക്രട്ടറി മി. ആർ. കെ. ഹൽസുൽക്കർ പ്രസ്താവിച്ചിരിക്കുന്നു.

## ലോഹ്യയ്ക്കു് സന്തോഷം

(പി ടി ഐ) കല്ക്കട്ട, മേ 12

ഗവണ്മെണ്ടിനെ വിമർശിക്കാനിഷ്ടപ്പെടാത്ത പുരുഷം ചില സന്തോഷവാർത്തകളിലൊന്നാണു് ഷേക്സ്പിയറുടെ ബാഡ്നസമെന്നു് ഡോ: റാം മനോഹർ ലോഹ്യ ഇന്നിവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

## ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ



ബി. പി. ഇനാശു

മണലൂർ.

## മോൺ: വാഴപ്പിള്ളിക്കു് "ഡൊമസ്റ്റിക് പ്രെലറ്റ്" സ്ഥാനം

(സ്വ. ലേ.) തൃശ്ശൂർ, മേ. 12

തൃശ്ശൂർ രൂപതാവികാരി ജനറാളും തൈറവ് റവ. മോൺ: സഖറിയാസ് വാഴപ്പിള്ളിക്കു് "ഡൊമസ്റ്റിക് പ്രെലറ്റ്" എന്ന മോൺസിഞ്ഞോർസ്ഥാനം അനുവദിച്ചുകൊണ്ടുള്ള സന്ദേശം വത്തിക്കാനിൽനിന്നും ഇന്നിവിടെ ലഭിച്ചിരിക്കുന്നു.



കാലംചെയ്ത തൃശ്ശൂർബിഷപ്പ് തൈറവ് റവ.ഡോ: ഫ്രാൻസിസ്വാഴപ്പിള്ളി തിരുമേനിയുടെ23–ാം ചരമവാർഷികദിനമായ ഇന്നു്, തിരുമേനിയുടെ കുടുംബത്തിൽപ്പെട്ട ഈ വൈദികശ്രേഷ്ഠനു് സഭയുടെ ഒരു ബഹുമതി ലഭിച്ചുവെന്നതു് പ്രത്യേകം സ്മരണാർഹമാണു്.

വികാരി ജനറാൾ എന്ന നിലയിലാണു് റവ: ഡോ: സഖറിയാസ് വാഴപ്പിള്ളിക്കു് മോൺസിഞ്ഞോർ പദവി നേരത്തെ ലഭിച്ചിരുന്നതു്.

....

## നെഹ്രുവിന്റെ ഉറപ്പിനു നീതിപീഠത്തിന്റെ നല്കൽ ഇനിയും താമസം വരുത്തരുതെന്നു് പ്രേംഭാസിൻ

(പി. ടി. ഐ.) ബെല്ലാർ മേ. 12

ഹിന്ദി സ്വീകരിക്കുവാൻ, ഹിന്ദി സംസാരിക്കാത്ത ജനങ്ങളുടെ തയ്യാറാകുന്നതുവരെ, ഒരു സഹഭാഷയെന്നനിലയിൽ ഇംഗ്ലീഷ് തുടരുന്നതുസംബന്ധിച്ചു ദിവംഗതനായ ശ്രീ. നെഹ്രു നൽകിയിട്ടുള്ള ഉറപ്പിനു് നിയമപ്രാബല്യം നല്കുന്നതിൽ ഇനിയും കാലതാമസം വരുത്തരുതെന്നു് പ്രജാസോഷ്യലിസ്റ്റ് പാർട്ടി ജനറൽ സിക്രട്ടറി മി. പ്രേംഭാസിൻ ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

ഔദ്യോഗികഭാഷാനിയമത്തിൽ ഇതു സംബന്ധിച്ചു് ഭേദഗതി വരുത്തിയൽ മതി; ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ട കാര്യമുദിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഭാഷാക്കുഴപ്പം പരിഹരിക്കുന്നതിനു് 'ശ്രീരാമചന്ദ്രകമ്മീഷൻ' നല്ല പരിഹാരമാണെങ്കിലും, ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും പ്രത്യേകിച്ചു് ഹിന്ദു സംസാരിക്കുന്ന പ്രദേശങ്ങളും അതു നടപ്പാക്കുന്നതിൽ തല്പരരല്ലെന്നു് കാണുന്നു. ഇംഗ്ലീഷ് ഔദ്യോഗികഭാഷയാക്കുവാൻ കഴിയില്ല. എന്നാൽ ഔദ്യോഗികഭാഷയായി ഹിന്ദി സ്വീകരിക്കുവാൻ ഇന്ത്യയിലെ എല്ലാ ജനങ്ങളും തയ്യാറാകുന്നതുവരെ ഇംഗ്ലീഷ് ഒരു സഹഭാഷയാക്കുവാൻ സാധിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

## ഹിതപരിശോധനാവാദക്കാർ വിധികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുന്നവരാണു്

[പി ടി] ശ്രീനഗർ, മേ 12

കാശ്മീരിൽ ജനഹിത പരിശോധനാസിദ്ധാന്തത്തിനുവേണ്ടി വാദിക്കുന്നവർ വിധികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുന്നവരാണെന്നു് കാശ്മീർ മുഖ്യമന്ത്രി മി. ജി. എം. സാദിക് പ്രസ്താവിച്ചിരിക്കുന്നു. ജമ്മു–കാശ്മീർ സംസ്ഥാനം ഇന്ത്യയുടെ കൈവിഭാജ്യഘടകമാണു് ഇന്ത്യയെ ടുക്കള്ള കാശ്മീരിന്റെ ലയനം അലംഖ്യമാണു്.

ദക്കിണേന്ത്യയിൽ നിന്നുള്ള ഒരു സംഘം വിദ്യാർത്ഥികളോടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

# അവസാന നിർദ്ദേശങ്ങൾ ഇന്ത്യക്കു് ലഭിച്ചിട്ടില്ല

## വെടിനിർത്തൽ കരാറിനെപ്പറ്റി ശാസ്ത്രി

(പി ടി ഐ) ന്യൂഡൽഹി മേ. 12

സിങ്ങ്–കച്ചു് അതിർത്തിപ്രശ്നത്തിനു് സമാധാനപരമായ ഒരു പരിഹാരമുണ്ടാക്കുന്നതിനായി ബ്രിട്ടൻ ഒടുവിൽ ഉന്നയിച്ച നിർദ്ദേശങ്ങൾക്കുള്ള ഇന്ത്യയുടെ പ്രതികരണം അറിയിച്ചിട്ടുള്ളതായി പ്രധാനമന്ത്രി ശാസ്ത്രി ഇന്നു രാവിലെ മോസ്കോവിലേക്കു് പുറപ്പെടുന്നതിനുമുമ്പു് പത്രലേഖകരോടു് പറഞ്ഞു.

റാൺ ഓഫ് കച്ചിൽ ഒരു വെടിനിർത്തൽകരാറിനു് ഇന്ത്യയും പാക്കിസ്ഥാനും സമ്മതിച്ചുവെന്നൊരു കറാച്ചി റിപ്പോർട്ടു് ഒരു ലേഖകൻ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

പാക്കിസ്ഥാന്റെ പ്രതികരണം ഔദ്യോഗികമായി ഇതുവരെ തങ്ങൾക്കു് ലഭിച്ചിട്ടില്ലെന്നു് ശാസ്ത്രി പറഞ്ഞു. അതുകൊണ്ടു്, ഔദ്യോഗികമായി ഒരു അവസാനനിർദ്ദേശവും തങ്ങൾക്കു ലഭിച്ചിട്ടില്ല.

ഏതെങ്കിലും അനൗദ്യോഗികവിവരവും ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു അങ്ങനെ ഒന്നും ലഭിഞ്ഞിട്ടില്ലെന്നു് ശാസ്ത്രി മറുപടി നൽകി. പാക്കിസ്ഥാൻ ഗവണ്മെണ്ടുമായി ബ്രിട്ടീഷ് ഗവണ്മെണ്ടു് ഇപ്പോഴും ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(ബ്രിട്ടന്റെ ഒടുവിലത്തെ നിർദ്ദേശങ്ങൾക്കുള്ള ഇന്ത്യൻ പ്രതികരണം അറിയിച്ചിട്ടുണ്ടു്.)

....

## അതിർത്തിയിൽ കനത്ത പാക്സേന കേന്ദ്രീകരണം

(പി ടി ഐ) അമൃത്സർ, മേ. 12

ഇന്തോ–പാകിസ്ഥാൻ അതിർത്തിയിൽനിന്നും നാലുനാഴിക അകലത്തിലുള്ള പാക്പ്രദേശത്തു് കനത്ത പാകിസ്ഥാനി സേനാകേന്ദ്രീകരണം നടന്നിട്ടുള്ളതായി അതിർത്തിയിലെ ഇൻഡ്യാ ജൻസ്വൃത്തങ്ങളിൽനിന്നും അറിവായിരിക്കുന്നു. കനത്ത ടാങ്കുകളുമായി സൈനികവ്യൂഹം വൻവൃക്ഷങ്ങളുടെ തോപ്പുകളിൽ തമ്പടിച്ചിരിക്കുകയാണത്രെ. ലാഹോർ–ചൽറോഡ്, ലാഹോർ–വാഗാറോഡ്, സൈൽകോട്ട്, കാമൂർ, ഖുശ്രാറ, ബ്രാസിൻ എന്നിവിടങ്ങളിലെ അതിർത്തിയിൽ ഉടനീളം പാകിസ്ഥാനികൾ കിടങ്ങുകൾ കഴിച്ചിട്ടുള്ളതായും ഈ വൃത്തം പറഞ്ഞു. ഇന്തോ–പാകിസ്ഥാൻ അതിർത്തിയിലെങ്ങും പഞ്ചാബ് സായുധപോലീസ് ജാഗ്രതയായ കാവൽ ഏർപ്പെടുത്തിയിട്ടുള്ളതായും സൈന്യം പാട്നയിലേക്കു് വരുമ്പോൾ ബീഹാർ ആരോഗ്യമന്ത്രി എ. ക. അൻസാരിയുടെ കാർ ഒരു കാളവണ്ടിയിലിടിച്ചു് അദ്ദേഹത്തിന്റെ കൈയ്ക്കു് പരിക്കുകളേറ്റിരിക്കുന്നു. കാളവണ്ടിയുടെ നുകം കാറിന്റെ വിൻഡ് സ്ക്രീൻ തകർത്തു് മന്ത്രിയുടെ ദേഹത്തു് ഇടിക്കുകയാണുണ്ടായതു്. ഉടനടി അദ്ദേഹത്തെ പാട്നാ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയും പരിക്കേറ്റ കൈക്കു് പ്ലാസ്റ്റർ ഇടുകയും ചെയ്തു.

....

## റഷ്യയുടെ ഉപഗ്രഹം ചന്ദ്രനിലിറങ്ങും

റോയിട്ടർ മോസ്കോ, മെ. 12

റഷ്യയുടെ പുതിയ ഉപഗ്രഹം 'ലൂനാ 5' ഇന്നാഴ്ചയ്ക്കുള്ളിൽ ചന്ദ്രനിൽ ഇറങ്ങുമെന്നു് സോവ്യറ്റ് വാർത്താ ഏജൻസി ടാസ്സ് ഇന്നു് റിപ്പോർട്ടു് ചെയ്തു.

## നെഹ്രുവിന്റെ ജന്മദിനത്തിൽ സോവ്യറ്റ് അവാർഡുകൾ

(പി ടി ഐ) ന്യൂഡൽഹി മേ. 12

ഇന്ത്യൻ ഭാഷകളിലേക്കു് സോവ്യറ്റ് എഴുത്തുകാരുടെ ഗ്രന്ഥങ്ങൾ തർജ്ജമചെയ്യുന്നതിനും നല്ല സാഹിത്യപ്രവർത്തനങ്ങൾക്കും ഒരു വംശത്തനായ നെഹ്രുവിന്റെ എല്ലാ ജന്മദിനങ്ങളിലും സമ്മാനങ്ങൾ നൽകുമെന്നു് സോവ്യറ്റ് എംബസി പ്രസിദ്ധീകരണമായ 'സോവ്യറ്റ് ലാന്റ്' നെഹ്രു അവാർഡ് കമ്മറ്റിയെ അറിയിച്ചിരിക്കുന്നു.

ജെസ്റ്റിഫിസം സംബന്ധിച്ച ഗ്രന്ഥത്തിനും സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

മോസ്കോയിലെ മുൻ ഇന്ത്യൻ അംബാസിഡർ മി. കെ പി. എസ്. മേനോനാണു് നെഹ്രു അവാർഡ് കമ്മറ്റിയുടെ ചെയർമാൻ.

## കൃഷിരീതി നടപടികൾ ശക്തിപ്പെടുത്തിയിട്ടുള്ളതായും ഈ വൃത്തം പറഞ്ഞു.

പഞ്ചാബു് സായുധപോലീസിന്റെ മനോവീര്യം ഉയർന്നതാണു്. അതിർത്തികടന്നുള്ള ഏതു ഭീഷണിയും നേരിടാൻ അവർ തികഞ്ഞ ജാഗ്രതയിലാണു് ഇരിക്കുന്നതു്.

ഗ്രാമങ്ങളിൽ സിവിൽ ഡിഫൻസ് നടപടികളും എടുത്തിട്ടുള്ളതായി ഈ വൃത്തം പറഞ്ഞു.

## മന്ത്രിയുടെ കാർ കാള വണ്ടിയിലിടിച്ചു

(പി ടി ഐ) പാട്ന, മെ 12

ഇന്നലെ രാവിലെ രാഞ്ചിയിൽ നിന്നും പാട്നയിലേക്കു് വരുമ്പോൾ ബീഹാർ ആരോഗ്യമന്ത്രി എ. ക. അൻസാരിയുടെ കാർ ഒരു കാളവണ്ടിയിലിടിച്ചു് അദ്ദേഹത്തിന്റെ കൈയ്ക്കു് പരിക്കുകളേറ്റിരിക്കുന്നു. കാളവണ്ടിയുടെ നുകം കാറിന്റെ വിൻഡ് സ്ക്രീൻ തകർത്തു് മന്ത്രിയുടെ ദേഹത്തു് ഇടിക്കുകയാണുണ്ടായതു്. ഉടനടി അദ്ദേഹത്തെ പാട്നാ മെഡി. കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയും പരിക്കേറ്റ കൈക്കു് പ്ലാസ്റ്റർ ഇടുകയും ചെയ്തു.

....

## ബ്രിട്ടന്റെ സമ്മർദ്ദത്തിനു ശാസ്ത്രിസർക്കാർ വഴങ്ങുന്നു

## കച്ചിലെ വെടിനിർത്തൽ സംബന്ധിച്ചു് വാജ്പെയുടെ ആരോപണം

[പി. ടി. ഐ.] ന്യൂഡൽഹി, മേ. 12

**പാക്കിസ്ഥാൻ ഒഴിഞ്ഞുപോകാതിരിക്കുമ്പോൾതന്നെ കച്ചിൽ ഒരു വെടിനിർത്തൽ ഉടമ്പടി ഉണ്ടാക്കുന്നതിനുള്ള ബ്രിട്ടന്റെ സമ്മർദ്ദത്തിനു് ശാസ്ത്രി ഗവണ്മെണ്ടു് വഴങ്ങിക്കൊടുക്കുകയാണെന്നു് ജനസംഘം നേതാവായ മി. എ. ബി. വാജ്പെ ആരോപിച്ചിരിക്കുന്നു.**

ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കച്ചിലെ ആക്രമണം അവസാനിപ്

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 13_ാംനു- വ്യാഴം

## 'മായം'

....

കപടനാട്യക്കാരുടെ യുഗമാണിതു്. നയശാലികളാണ് ഇന്നു് എവിടെയും വിജയപതാക പാറിക്കുന്നതു്. ഇന്നു പെരുമാറ്റവും ഇന്നു സംസാരവും എങ്ങും കാണാതായി. ഒരു ജനാധിപത്യരാഷ്ട്രമായ ഇൻഡ്യക്കു് സമീപകാലത്തു് വന്ന എല്ലാ ദുരിതങ്ങളുടെയും മൂലകാരണവും ഇതുതന്നെ. ഡെമോക്രസിയുടെ കൊടികുത്ത ഉയർന്പറക്കുന്നതു് ബ്രിട്ടനിലാണല്ലോ; അതിനുള്ള പ്രധാനകാരണവും ജനാധിപത്യമൂല്യങ്ങളുടെ വേരുകൾ ജനഹൃദയങ്ങളിൽ ആഴത്തിൽ ചെന്നുപറ്റിട്ടുള്ളതുകൊണ്ടു തന്നെയാണു്. ഇന്നു സംസാരവും ഇന്നു പെരുമാറ്റവും ബ്രിട്ടീഷ് കാരെപ്പോലെ നമുക്കു് ഉണ്ടായിരുന്നെങ്കിൽ!!

കപടനാട്യക്കാർ നമ്മുടെ നാട്ടിൽ പെരുകിപ്പെരുകി വന്നതുകൊണ്ടു് ജനാധിപത്യരീതിയുടെ ശവമഞ്ചമുഴുങ്ങിയ്ക്കുടങ്ങിയെന്ന മാത്രമല്ല; സംസ്കൃതജീവിതം തന്നെ ആകെ താറുമാറാക്കുകയും ചെയ്തു.

മായം ചേർത്ത ഗ്രൈപ്പ്വാട്ടർ വിറ്റതിനു് ആന്ധ്ര, മൈസൂർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ ചില വ്യാപാരികളുടെ പേരിൽ നടപടി നടത്തിക്കഴിഞ്ഞുവെന്നു് ആരോഗ്യവകുപ്പുമന്ത്രിനി ഡോ. സുശീലാനയ്യർ പാർലമെന്റിൽ പ്രസ്താവിക്കുകയുണ്ടായി. ക്ഷണസാധനങ്ങളിലും മരുന്നിലും ഇങ്ങനെ 'മായം' ചേർത്തു് വില്ക്കുന്ന പതിവു് ഇങ്ങനെ നിർബാധം തുടരുവാൻ ഇൻഡ്യയിലല്ലാതെ മറെറങ്ങും സാധ്യമാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല. എലിവിഷം മേടിച്ചു തിന്നിട്ടു്, അതിൽ മായം ചേർത്തതുകൊണ്ടു് പല മുണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ ഇതിനു മുമ്പു പല പ്രാവശ്യം ഉണ്ടായിട്ടുള്ളതാണല്ലോ. കേരളത്തിനു വെളിയിൽ, അരിയിൽ ചേർക്കുന്നതിനുള്ള കല്ലുകൊണ്ടു തയ്യാറാക്കുന്ന ഒരു ഫാക്ടറി സർക്കാരിന്റെ സമ്മതത്തോടെ ഉണ്ടായിട്ടുണ്ടുപോൽ.

സമീപകാലത്തു്, മദ്യനിരോധനത്തിൽ അയവുവരുത്തുവാൻ താൻ തയ്യാറാവുകയാണെന്നു് ഇപ്പോഴത്തെ കേരള ഗവണ്മെൻറ് പ്രഖ്യാപിക്കുകയുണ്ടായി. പിന്നീടുണ്ടായ മറെറാരു വാർത്ത കള്ളിൽ മായംചേർക്കുന്നതു തടയുവാൻ സക്കാർനടപടി ആരംഭിച്ചിരിക്കുന്നുവെന്നാണ്. കള്ളു് 'ക്ഷണപദാർത്ഥ'ത്തിന്റെ പരിധിയിൽപ്പെട്ടുവെന്നതുതന്നെ കാരണം. ഇവിടെ ഏറെറവും കൂടുതൽ മായം ചേർത്തു് വില്ക്കുന്നതു് കള്ളാണെന്ന സത്യം ആർക്കാണറിഞ്ഞുകൂടാത്തതു്.

പാലിൽവെള്ളംചേർക്കുന്നതിനെതിരെയാൻ അധികൃതർനടപടികൾ എടുത്തുതുടങ്ങിയിട്ടു് കാലം കുറെയായി. എന്നിട്ടും പറയത്തക്ക യാതൊരു പുരോഗതിയും അക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന മാത്രം.

ക്ഷണപദാർത്ഥങ്ങളിലും മരുന്നുകളിലും മാത്രമല്ല മായം ചേർക്കൽ നടക്കുന്നതു്. എവിടെയെല്ലാം 'മായം' ചേർക്കാമോ അവിടെയെല്ലാം ചേർക്കും. നമ്മുടെകച്ചവടക്കാരെക്കുറിച്ചു് അന്യരാജ്യക്കാർക്കു് മതിപ്പുകുറഞ്ഞുവരുവാനുണ്ടായ പ്രധാനകാരണവും ഇതുതന്നെ. കരുതലുകയറിന്റെ കാര്യത്തിലായാലും ഏറെറവും കൂടുതൽ കേടുവരുന്നതു് സാധാരണക്കാർക്കാണു്. കരുതലുകയറിൽ മായം ചേർത്തു് കൂടുതൽ ലാഭമുണ്ടാക്കുന്നവരുടെ കൂട്ടത്തിൽ ഭീമന്മാരായ തോതിൽ കൃത്രിമം കാണിച്ചുവരാണു് നമ്മുടെ നാട്ടുകാർ. അടുത്തകാലത്തു് മണ്ണെണ്ണയിൽ ചേർത്തുവരുന്ന മായത്തിനു് കണക്കില്ല.

മായം ചേർക്കലിന്റെ ചരിത്രം ഇതുകൊണ്ടും അവസാനിക്കുന്നില്ല. ഭീമൻ സ്റ്റിലും കമ്മായത്തിലും ഭീമന്മായം തോതിൽ മായം ചേർത്തു് വരുന്ന പാലങ്ങളും, വലിയ മനോഹരങ്ങളായ കെട്ടിടങ്ങളും മുതലായവ പണിതുകഴിഞ്ഞു് രണ്ടുനാലു വർഷം കഴിയുമ്പോഴേക്കും ഉരുകിത്തുടങ്ങുന്ന ചിത്രം പത്രങ്ങളിൽ നിത്യേനയെന്നോണം കാണാറുണ്ടു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട അനവധി കെട്ടിടങ്ങളുടെ കഥ ഇതുതന്നെയാണു്. ചിലതിന്റെ അടിത്തറയിൽ തന്നെ പാകപ്പിഴവുകൾ കാണുന്നു. ചിലതിനു വിള്ളലുകൾ, മറെറ ചിലതിനു ഭൂമിയുടെ അസാധാരണമായ പ്രകമ്പനത്തിൽ തകരുന്നു. ചിലതു് ഉദ്ഘാടനത്തിനുമുമ്പുതന്നെ തകർന്നുവീഴുന്നു. ഇതിനെല്ലാം കാരണം കരാറുകാരുടെ അത്യാഗ്രഹവും അഴിമതിയുമാണെന്നു പറയുന്നതു് ഒരു ലഘൂകരണമായിരിക്കും. എന്തിനാണു് മനോഹരങ്ങളായ കെട്ടിടങ്ങളിലും അതുപോലുള്ള മറെറാരിടങ്ങളിലും മായം ചേർക്കുന്നതു്? ഒരു വൈദികവൃത്തിപോലെയാണു് നമ്മുടെ സമുദായത്തിന്റെ തലപ്പത്തിരിക്കുന്നവർ കരുതുന്നതു്. മേലേക്കിടയിലുള്ളവരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി തങ്ങളുടെ കഴിവുകൊണ്ടു് അടിയറവെക്കുവാൻ കടപ്പെട്ടവരാണു് കലാകാരന്മാരെന്നതോന്നും ചിലരുടെ പെരുമാറ്റം കണ്ടാൽ.

## ഒരു അനുഭവം

കലാകാരന്മാരെപ്പറ്റി നമ്മുടെ സമുദായത്തിനുള്ള മതിപ്പു വ്യക്തമാക്കുന്നതിനു് അടുത്തകാലത്തുണ്ടായതു ഞാൻ പറയാം. കേരളത്തിലെ പ്രസിദ്ധമായ ഒരു കത്തോലിക്കസ്ഥാപനം അടുത്തകാലത്തു് ഒരു കലാപരിപാടി ഉൽഘാടനം ചെയ്യുവാൻ ചെറുപ്പക്കാരനായ ഒരു പ്രസിദ്ധ കത്തോലിക്ക സാഹിത്യകാരനെ ക്ഷണിച്ചു. ടിക്കറെവില്പനയിൽ നല്ലൊരു സംഖ്യ ആ സ്ഥാപനം ഈടാക്കിയിരുന്നു. നാടകനോട്ടീസ് അച്ചടിക്കുന്നതിനും ഹാൾ അലങ്കരിക്കുന്നതിനും വേണ്ട ഭക്ത ചെലവുകൾക്കും അവർ മടിച്ചില്ല. ഉൽഘാടനപ്രസംഗം കഴിഞ്ഞപ്പോൾ വളരെ വ്യത്യസ്തമായൊരു കവർ പ്രസംഗികനു് അവർ നല്കി. ആ കവറിലോ അഞ്ചുരൂപായുടെ ഒരു നോട്ടും. കൈയിൽനിന്നു് 7 രൂ. ടാൻസ്പോർട്ട്ബസ്സുകാർക്കു് കൊടുത്താണു് ആ പ്രാസംഗികൻ അവിടെ എത്തിയതു്. ഇതൊക്കെ അറിഞ്ഞപ്പോൾ ചെറുപ്പക്കാരനായ ആ സാഹിത്യകാരനെ നിരാശപ്പെടുത്തരുതല്ലോയെന്നു കരുതി, ഞാൻ ആ സ്ഥാപനത്തിന്റെ അധികാരിക്കെഴുതി, അയാളുടെ ബസ്സ്ചാർജെങ്കിലും അയാൾക്കു കൊടുക്കണമെന്നു്. എന്റെ കത്തിനു് ഒരു മറുപടി അയയ്ക്കുവാനുള്ള സൗമനസ്യംപോലും ആസ്ഥാപനാധിപതിക്കുണ്ടായില്ല. ഒരുവൻ സാഹിത്യകാരനും പ്രാസംഗികനുമായിപ്പോയാൽ കൈയിൽ നിന്നു പണം മുടക്കിത്തന്നെ പൊന്നു പ്രസംഗിച്ചു കൊള്ളണം. അല്ലെങ്കിൽ പണത്തിനും പ്രശസ്തിക്കും പിറകെ പരക്കം പായുകയാണെന്നു് ആക്ഷേപമുണ്ടാകും.

## കലാകാരൻ വിശന്നുമരിക്കണമോ?

"നല്ല ആഗ്രഹവും കഴിവുമുള്ള കലാകാരന്മാരെയാണു് ഇന്നാവശ്യം. അല്ലാതെ പണത്തിനും പ്രശസ്തിക്കും പിറകെ പരക്കംപായുന്നവരേയല്ല" എന്നു ശ്രീ. ചാക്കോ പറയുന്നു. ഹാ! എന്തൊരു വിശാലമനസ്കത; കലാകാരൻ പണത്തിനും പ്രശസ്തിക്കും പിറകെ പരക്കം പായരുതത്രേ. ഒരു അദ്ധ്യാപകനു് പണത്തിനും പ്രശസ്തിക്കും പിറകെ പരക്കം പായാം, ഒരു അഭിഭാഷകനു്, ഒരു കച്ചവടക്കാരനു്, ഒരു വ്യവസായിക്കു്, എന്തിനു് ഒരു വൈദികനുപോലും പണത്തിനും പ്രശസ്തിക്കും പിറകെ പരക്കാം പായാം. ഒരു കലാകാരൻ മാത്രം അതു ചെയ്യരുതു്. അവനു വിശപ്പില്ല, വികാരങ്ങളില്ല, ജീവിതാവശ്യങ്ങളില്ല; ഉണ്ടാകാൻ പാടില്ല. ഒരു സാഹിത്യകാരനോ, കലാകാരനോ, പ്രയത്നത്തിനു പ്രതിഫലം പോലിക്കുന്നതു് എന്തോ ഒരു ദൈവദ്രോഹം പോലെയാണു് നമ്മുടെ സമുദായത്തിന്റെ തലപ്പത്തിരിക്കുന്നവർ കരുതുന്നതു്. മേലേക്കിടയിലുള്ളവരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി തങ്ങളുടെ കഴിവുകൊണ്ടു് അടിയറവെക്കുവാൻ കടപ്പെട്ടവരാണു് കലാകാരന്മാരെന്നതോന്നും ചിലരുടെ പെരുമാറ്റം കണ്ടാൽ.

## ഒരു അനുഭവം

കലാകാരന്മാരെപ്പറ്റി നമ്മുടെ സമുദായത്തിനുള്ള മതിപ്പു വ്യക്തമാക്കുന്നതിനു് അടുത്തകാലത്തുണ്ടായതു ഞാൻ പറയാം. കേരളത്തിലെ പ്രസിദ്ധമായ ഒരു കത്തോലിക്കസ്ഥാപനം അടുത്തകാലത്തു് ഒരു കലാകാരനായതുകൊണ്ടല്ല; ഒരു മാധവൻനായർപോലുമായതുകൊണ്ടാണു് എന്നിട്ടും ഉപജീവനത്തിനു് വേണ്ട തുക അദ്ദേഹത്തിനു കിട്ടുന്നില്ലെന്നാണു് എന്റെ അറിവു്. കത്തോലിക്കനേതൃത്വത്തിന്റെ ചട്ടുകങ്ങളിൽനിന്നു കൊണ്ടുതന്നെ ഉത്തമരായ കലാകാരന്മാക്കു വളരുവാൻ കഴിയും' എന്നാണു് ശ്രീ. ചാക്കോ പറയുന്നതു്. അങ്ങനെ വളരുന്ന ഒരു കലാകാരനെ കാണുവാൻ എനിക്കതിയായ കൗതുകമുണ്ടു്. ഓ, ഒരാളെ അദ്ദേഹം പുണ്ടിക്കാണിച്ചു തരുന്നു. 'അപ്പലൂരുകളും കുഞ്ഞിസ്റ്റുകളും തേടിപ്പോകാതെതന്നെ രംഗവും ഉപജീവനമാർഗ്ഗവും കണ്ടുപിടിക്കുന്നവരല്ലോ ശ്രീ പോൾ മാധവൻനായർ' എന്നാണു് വേദകൻ പറയുന്നതു്.

കത്തോലിക്കനേതൃത്വത്തിന്റെ ചട്ടുകങ്ങളിൽനിന്നു കൊണ്ടുതന്നെ ഉത്തമരായ കലാകാരന്മാക്കു വളരുവാൻ കഴിയും' എന്നാണു് ശ്രീ. ചാക്കോ പറയുന്നതു്. അങ്ങനെ വളരുന്ന ഒരു കലാകാരനെ കാണുവാൻ എനിക്കതിയായ കൗതുകമുണ്ടു്. ഓ, ഒരാളെ അദ്ദേഹം പുണ്ടിക്കാണിച്ചു തരുന്നു. 'അപ്പലൂരുകളും കുഞ്ഞിസ്റ്റുകളും തേടിപ്പോകാതെതന്നെ രംഗവും ഉപജീവനമാർഗ്ഗവും കണ്ടുപിടിക്കുന്നവരല്ലോ ശ്രീ പോൾ മാധവൻനായർ' എന്നാണു് വേദകൻ പറയുന്നതു്.

കത്തോലിക്കനേതൃത്വത്തിന്റെ ചട്ടുകങ്ങളിൽനിന്നുകൊണ്ടുതന്നെ താൻ വളരുന്നുണ്ടോയെന്നും, ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്നുണ്ടോയെന്നും പറയേണ്ടതു ശ്രീ പോൾ മാധവൻനായരാണു്. അതുവരെ അദ്ദേഹം വളന്നിട്ടുണ്ടെന്നും ഉപജീവനമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടെന്നും വിശ്വസിക്കുവാൻ ഞാൻ തയ്യാറില്ല. ചുരുക്കം ചില വൈദികർ അദ്ദേഹത്തെ സഹായിക്കുന്നെങ്കിൽ അതു് അദ്ദേഹം ഒരു കലാകാരനായതുകൊണ്ടല്ല; ഒരു മാധവൻനായർപോലുമായതുകൊണ്ടാണു് എന്നിട്ടും ഉപജീവനത്തിനു് വേണ്ട തുക അദ്ദേഹത്തിനു കിട്ടുന്നില്ലെന്നാണു് എന്റെ അറിവു്. കത്തോലിക്കനേതൃത്വത്തിന്റെ ചട്ടുകങ്ങളിൽനിന്നുക

# വടക്കേക്കര മണ്ഡലം കെ.ടി.പി. പ്രവർത്ത കസമ്മേളനം

## ചർച്ചായോഗത്തിൽ വെല്ലിംഗ്ടൺ സംബന്ധിച്ചു

*പുത്തൻവേലിക്കര, മേയ് 10*

*വടക്കേക്കര നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കർഷക–തൊഴിലാളി പാർട്ടി പ്രവർത്തകരുടെ ചർച്ചാക്ലാസ് ഇവിടെ "കൈമാറ്റത്തിൽ ബിൽ ധിക്കി"ൽ വെച്ച് നടന്നിരിക്കുന്നു.*

ഉച്ചതിരിഞ്ഞ് മൂന്നുമണിമുതൽ ആറുമണിവരെ നടന്ന പ്രസ്തുത ക്ലാസ്സിൽ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം പ്രവർത്തകർ പങ്കെടുത്തു. കെ. ടി. പി. ജന: സെക്രട്ടറി വെല്ലിംഗ്ടനാണ് ക്ലാസെടുത്തത്. പ്രവർത്തകരുടെ പല സംശയങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും അദ്ദേഹം സുചിന്തിതമായി മറുപടി പറഞ്ഞു.

വൈകുന്നേരം നമ്പൂരി ബസാറിൽ മേന്ന വന്ധിച്ച പൊതുയോഗത്തിൽ സെൻട്രൽ കമ്മിറ്റി മെമ്പർ ശ്രീ. ജോസഫ് മുഞ്ഞേലി അദ്ധ്യക്ഷതവഹിച്ചു. പാർട്ടിയുടെ നയപരിപാടികൾ, തെരഞ്ഞെടുപ്പനയം, ഇന്നത്തെ പ്രത്യേക രാഷ്ട്രീയസാഹചര്യങ്ങളിൽ പാർട്ടിയുടെ നിലപാട് എന്നിവ വിശദീകരിച്ചുകൊണ്ട് ജന: സെക്രട്ടറി വെല്ലിംഗ്ടൻ സുദീർഘമായി പ്രസംഗിക്കുകയുണ്ടായി. ദേവസ്സി പഞ്ചിക്കാരൻ സ്വാഗതവും, അഗസ്റ്റിൻ വാഴപ്പിള്ളി കൃതജ്ഞതയും പറഞ്ഞു.

രാത്രിയിൽ പുത്തൻവേലിക്കര പഞ്ചായത്തടിസ്ഥാനത്തിലുള്ള പ്രവർത്തകരുടെ ഒരു യോഗം ബി. വെല്ലിംഗ്ടന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

—

## റിട്ട് ഫയലിൽ സ്വീകരിച്ചു

(സ. ലേ) എറണാകുളം, മേ. 10

പ്രൈവറ്റ് സ്കൂളദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ പരിശ്കരിച്ചും ഇടക്കാലാശ്വാസം അനുവദിച്ചുകൊണ്ടും മാറാമുണ്ടായ ഗവ: ഉത്തരവിലെ പോരായ്മകൾ പരിഹരിച്ചുകിട്ടുന്നതിന് ഇരവിപേരൂർ സെന്റ് ജോൺസ് അദ്ധ്യാപകൻ സി. പി. ഫിലിപ്പ്, പല്ലാട്ട് ഹൈസ്കൂൾ അദ്ധ്യാപകൻ സി. കെ. ഭാസ്കരപണിക്കർ, മേക്കൊഴൂർ എൽ. പി. എസ്, അദ്ധ്യാപകൻ കെ. ടി. ഇടിക്കുള എന്നിവർ കൊടുത്ത റിട്ട് ഹർജി ഫയലിൽ സ്വീകരിച്ചു. ഹർജിക്കാരെ സംബന്ധിച്ചിടത്തോളം ഗവ: ഉത്തരവ് താൽക്കാലികമായി സ്റ്റേചെയ്യുകൊണ്ടും ജ: കെ. കെ. മാത്യു വിധി പ്രസ്താവിച്ചിരിക്കുന്നു.

കെ. ഇ. ആർ. 14 സി. (2) വകുപ്പിലെ വ്യവസ്ഥയനുസരിച്ച കാപ്പ്റർ ചെയ്തിരുന്നതുമൂലം ഹർജിക്കാരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഹർജിയുടെ തീരുമാനംവരെ ഗവ: നടപടികൾ സ്റ്റേചെയ്യണമെന്നും 14 ബി. വകുപ്പ് കാപ്പ്റർചെയ്യുന്നവർക്ക് വർഷിപ്പിച്ചു ക്ഷാമബത്തയും വീട്ടുവാടക അലവൻസും 14 സി. കാപ്പ്റർചെയ്യുന്നവർക്ക് 60 വയസ്സുവരെ സർവ്വീസിലിരിക്കുവാനുള്ള ആനുകൂല്യവും ലഭിക്കണമെന്നും അദ്ധ്യാപകരുടെ പ്രോവിഡണ്ടുഫണ്ടിൽ മാനേജർമാരും ഗവമ്മേണ്ടും നൽകിയിട്ടുള്ള വീഹിതം മുഴുവൻ പിടിച്ചെടുക്കരുതെന്നും രാഷ്ട്രീയവും സംഘടനാപരവുമായ സ്വാതന്ത്ര്യം തടയരുതെന്നുമാണ് ഹർജിക്കാരുടെ അപേക്ഷ.

....

## മന്ത്രി തോമസ്സിന്റെ ഒരു മറുപടി

ന്യൂഡൽഹി, മെ. 11

ഇന്ത്യൻ വ്യോമസേന ജനുവരിരണ്ടിന് ജലന്തറിനടുത്തു വെച്ച നടത്തിയ ഒരു വൈമാനിപ്പ പരിശീലനവേളയിൽ മൂന്നു സാധാരണ പൌരന്മാരും ഏപ്രിൽ 20–ന് ജംഗ്പൂർ ഗ്രാമത്തിലുണ്ടായ ഒരു സ്ഫോടനത്തിൽ മാറ് മൂന്നുപേരും കൊല്ലപ്പെട്ടതുസംബന്ധിച്ച് കോൺഗ്രസ്സുകാരും പ്രതിപക്ഷാംഗങ്ങളും ഇന്ന് ലോകസഭയിൽ ശ്രദ്ധേയമായ ഉൽക്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നു.

ഗവമ്മെണ്ടിന്റെ അശ്രദ്ധയെ പ്രതിപക്ഷാംഗങ്ങൾ കുറ്റപ്പെടുത്തി. സൈന്യം സിവിലിയന്മാരെ കൊന്നൊടുക്കുകയാണെന്ന് കപ്പൂർസിങ്ങ് [സ്വതന്ത്ര] ആരോപിച്ചു. വെടിവെപ്പു പരിശീലനം നടത്തുന്നതിനുമുമ്പ് അതു ഗസറ്റിൽ പരസ്യപ്പെടുത്തണമെന്ന്, അനേശ്വരസിങ്ങനുണ്ട്. ആ പ്രദേശത്തുനിന്നും സിവിലിയൻസ് ഒഴിഞ്ഞുനിൽക്കാൻ വേണ്ടിയാണതു്. ഇവിടെ അങ്ങനെയൊന്നുണ്ടായോ എന്നു് അദ്ദേഹം വീണ്ടും ചോദിച്ചു.

അതു നോക്കി കേൾക്കേണ്ട പിടിക്കുന്നമെന്നായിരുന്നു പ്രതിരോധോല്പാദനമന്ത്രി എ. എം. തോമസിന്റെ മറുപടി. അനവധി മെമ്പർമാരെ സ്നേഹാകുലമാക്കിയ ഈ പ്രശ്നത്തെ സംബന്ധിച്ച മന്ത്രിയുടെ മറുപടി ധിക്കാരപരമായിരുന്നുവെന്നാണ് ഹിരൺ മുക്കർജിയും ഹൊബാദവായും കുറ്റപ്പെടുത്തിയത്.

മെമ്പർമാരുടെ വികാരങ്ങളെ താൻ മനസ്സിലാക്കുന്നുവെന്നും ഈ സംഭവത്തെപ്പറ്റി താൻ ഒരന്വേഷണം നടത്തുന്നതാണെന്നും പ്രധാനമന്ത്രി ശാസ്ത്രി ഇടയ്ക്കുകയറി പറഞ്ഞു.

.....

## എസ്. പി പിള്ളയ്ക്ക് സ്വീകരണവും പണക്കിഴിയും

എറണാകുളം മേ. 10

ശതപിതാഭിഷേകവൈഭവനായ നിലയിൽ തമിഴ്നാട് ഫിലിംഫാൻസ് അസോസിയേഷന്റെ പ്രത്യേക ബഹുമതി ആർജ്ജിച്ച മലയാള സിനിമാവേദിയിലെ ഏകനടനായ ശ്രീ. എസ്സ്. പി. പിള്ളയ്ക്ക് കേരളത്തിൽ സമുചിതമായ പൊതുസ്വീകരണവും, പണക്കിഴിയും നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

1965 സെപ്റ്റംബർ 10–ാംതീയതി പ്രണാകുളത്തുവെച്ച് സ്വീകരണം നൽകുവാനാണ് നിശ്ചയിച്ചിരിക്കുന്നതു്. ശ്രീ. എം. കെ. കെ. നായർ (മാനേജിംഗ് ഡയറക്ടർ, എഫ്. എ, സി. റോഡ്) ശ്രീ ജോസഫ് മാക്കോല, കെ. വി. സൂര്യനാരായണയ്യർ (പ്രസിഡന്റ്, കേരള ഫൈൻ ആർട്ട്സ് സൊസൈറ്റി) കഞ്ചാക്കോ, അലക്സാണ്ടർ പറമ്പിത്തറ (എഡിറ്റർ, കേരള സ്റ്റീക്കർ) പി. എ. കരുവിള (എറണാകുളം മുനിസിപ്പൽ ചെയർമാൻ) രാമു കാര്യാട്ട് (എഡിറ്റർ, എം. എൽ. എ) പി. ഭാസ്കരൻ [ചിത്രസാഗർ ഫിലിംസ്] കൈമാൾ [തിരുമേനി പിക്ചേഴ്സ്] എ. എൽ ജേക്കബ്ബ് (എഡിറ്റർ, എം. എൽ. എ) ജോൺസൻ (ജയാ ഫിലിംസ്) ബാബു [കണ്ണനി ഫിലിംസ്] തുടങ്ങിയവർ പാടേൺസായും മുതലായ പ്രേംനസീർ, കോട്ടയം ചെല്ലപ്പൻ, ജി. കെ. പിള്ള, ബഹദൂർ, ഭരതൻ, നായരമ്പലം ഗോപിനാഥ്, ജോർജ്ജ് വട്ടീസ് [ജനറൽ സെക്രട്ടറി, കേരള വിദ്യാർത്ഥിസംഘടന തുടങ്ങിയ സിനിമാരംഗത്തും പൊതുരംഗത്തും പ്രവർത്തിക്കുന്നവർക്കുണ്ടെ വിപുലമായ ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. കമ്മിറ്റിയിലും പാടേൺസായും കൂടുതൽ അംഗങ്ങളെ ഇനിയും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തനം ഊർജ്ജിതമാക്കുവാൻ കൺവീനർ പി.പി.പരമേശ്വരനെ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

എസ്സ്. പി. യ്ക്ക് നൽകുന്ന പണക്കിഴി നല്ലതായ പൊതുക്കാര്യങ്ങൾക്കുവേണ്ടി വിനിയോഗിയ്ക്കപ്പെടുമെന്നും പ്രസ്താവ്യമാണ്.

.....

## ജില്ലയിലെ രണ്ടാമത്തെ ഏറ്റവും നല്ല ഗ്രാമസേവകനും ഗ്രാമവും

കന്നംകുളം മെ. 11

പൊന്നാനി ബ്ലോക്കിലെ എരമംഗലം സർക്കിൾ ഗ്രാമസേവക് ശ്രീ പി. എ. ലൂയീസ്സ് തൃശ്ശൂർ ജില്ലയിലെ രണ്ടാമത്തെ ഏറ്റവും നല്ല ഗ്രാമസേവകനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. എരനെല്ലൂർ വില്ലേജ് ജില്ലയിലെ രണ്ടാമത്തെ ഏറ്റവും നല്ല ഗ്രാമമായും തിരഞ്ഞെടുക്കപ്പെട്ടു. അവാർഡ് ബ്ലോക്കിലെ ശ്രീ കെ. ആർ. ഔസേപ്പാണ് ജില്ലയിലെ ഈ വർഷത്തെ ഏറ്റവും നല്ല ഗ്രാമസേവകൻ. ഔസേപ്പ് പ്രവർത്തിക്കുന്ന മണലൂർ സർക്കിളും ഏറ്റവും നല്ല ഗ്രാമമായും തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞു.

—

# ഇരുപതുകൂട്ടം കാര്യങ്ങൾ

(2–ാംപേജിൽനിന്നു തുടർച്ച)

ധകമാകണമെന്ന് അദ്ദേഹം പറഞ്ഞു.

### സാമുദായികനേതാവു്

6. ഈ പ്രസ്താവനകളിലെല്ലാം ഷെയ്ക്ക് അബ്ദുള്ള ഒരു സാമുദായിക നേതാവായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. കാശ്മീർ പ്രശ്നത്തിനു് സാമുദായിക നിറംകൊടുക്കുകയെന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ അദ്ദേഹം മനഃപൂർവ്വം രാഷ്ട്രീയത്തിൽ മതം കടത്തിവിടുകയാണ്.

7. ഫെബ്രുവരി തീർത്ഥാടനം ആരംഭിച്ചതിനു ശേഷമുള്ള സംഭവഗതികളും ഷെയ്ക്ക് അബ്ദുള്ളയുടെ പഴയ പ്രസ്താവനകളുമായി താരതമ്യപ്പെടുത്തിയാൽപോലും, പ്രാദേശികതപം, വർഗ്ഗീയവാദം എന്നിവയിലേയ്ക്കുള്ള ചായ്വു് വ്യക്തമായിരുന്നു. ഉത്തരവാദിത്വരഹിതമായി പ്രവർത്തിച്ചേയ്ക്കുമെന്ന അപകടം ഉണ്ടായിട്ടും ഷെയ്ക്കിനെ തീർത്ഥാടനംനടത്താനും ഇഷ്ടമുള്ള രാജ്യങ്ങളെ സന്ദർശിക്കാനും അനുവദിച്ചതിൽ ഗവമ്മെണ്ട് പ്രകടിപ്പിച്ച മഹാമനസ്കത അദ്ദേഹം കെട്ടാതന്നെ മനസ്സിലാക്കിയില്ല. വിദേശികളെ കാണാൻ അവസരം കിട്ടിയ ഉടനെ അദ്ദേഹം ഇന്ത്യാഗവമ്മെണ്ടിനെതിരായ കുപ്രാരം ഉരുവിടുകയും ചെയ്തു.

### അറബി ബന്ധത്തിൽ ഒരു കട്ടുറുമ്പ്

8. ഇന്ത്യയെ അറബി ലോകത്തെ സുഹൃദ്രാജ്യങ്ങൾക്കിടയിൽ പ്രത്യേകിച്ചും, ചീത്തയാക്കാൻ ഷെയ്ക്ക് നിശ്ചയിച്ചുറച്ചിരിക്കുകയാണെന്നാണ് വിദേശപര്യടനത്തിന്റെ തുടക്കത്തിൽതന്നെ വ്യക്തമായി. പാകിസ്ഥാനുമായി യോജിച്ച് പാകിസ്ഥാനിലെ മാർഗ്ഗദർശനത്തിലാണ് അദ്ദേഹം പ്രവർത്തിക്കുന്നതെന്നകാര്യം സംശയരഹിതമായ് തീർന്നു. അദ്ദേഹം പോയസ്ഥലങ്ങളിലെല്ലാം പാക് സ്ഥാനപതികാര്യാലയത്തിലെ പ്രചരണോദ്യോഗസ്ഥന്മാർ അദ്ദേഹത്തിനു പത്രസമ്മേളനങ്ങളും സംഘടിപ്പിക്കുന്നതിനും അദ്ദേഹത്തിനുവേണ്ടി പ്രചരണം നടത്തുന്നതിനും തിക്കിതിരക്കിട്ടു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിനു് രാഷ്ട്രീയ സമ്പർക്കങ്ങളും ഏർപ്പെടുത്തിക്കൊടുക്കുന്ന ജോലി പാക് നയതന്ത്ര ഉദ്യോഗസ്ഥന്മാർ നിർവ്വഹിച്ചു.

അൾജിയേഴ്സിൽവെച്ച് ചൈനീസ് പ്രധാനമന്ത്രി ചൗഎൻലായുമായുള്ള രഹസ്യ കൂടിക്കാഴ്ച ഇതിന്റെ പരമകാഷ്ഠയായിരുന്നു.

9. 91947–53 കാലത്തു് ജമ്മു–കാശ്മീരിലെ പ്രധാനമന്ത്രി ആയിരിക്കെയും സംസ്ഥാനത്തെ ജനാധിപത്യഭരണകൂടത്തിനും ആരംഭദശയിൽ സ്വതന്ത്രമധ്യേ സജീവമായ പങ്കുവഹിച്ച ഷെയ്ക്ക് അബ്ദുള്ള വിദേശസന്ദർശനവേളയിൽ അതിനുനേരെ വിമുഖമായിട്ടാണ് പ്രവർത്തിച്ചതു്.

### പാക്കിസ്ഥാൻ കാറിൽ

10. ഐക്യ അറബി റിപ്പബ്ലിക്കിലാണ് അദ്ദേഹം ആദ്യമിറങ്ങിയതു്. അവിടെ അദ്ദേഹം പാകിസ്ഥാൻ സ്ഥാനപതി കാര്യാലയവും പാക് പ്രതിനിധികളുമായി നിരന്തരം സമ്പർക്കം പുലർത്തുകയുണ്ടായി. ഐക്യ അറബി റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടിനെറ കൊട്ടാരത്തിലേയ്ക്കു പോകാൻ പാകിസ്ഥാൻ സ്ഥാനപതികാര്യാലയത്തിലെ കാർ ഉപയോഗിക്കാൻ പോലും അബ്ദുള്ളയ്ക്ക് യാതൊരു മനഃശ്ചാഞ്ചല്യവും അനുഭവപ്പെട്ടില്ല. ലണ്ടനിലേയും ആംജിയേഴ്സിലേയും സ്ഥിതിയും ഇതുതന്നെയായിരുന്നു. നെഹ്റുവിന്റെ പിൻഗാമികൾക്ക് 'ദേശീയതാദ്രോഹത്തിൽനിന്നും സ്വതന്ത്രതാല്പര്യങ്ങളിൽനിന്നും' ഉയർന്നുനിൽക്കാൻ കഴിയുന്നില്ലെന്നു് അദ്ദേഹം കുറ്റപ്പെടുത്തി, കാശ്മീരിൽ 'മർദ്ദനത്തിന്റെ പതിയൊരു പ്രഹരം അഴിച്ചുവിട്ടിരിക്കയാണെന്നും 'ഡൽഹിയിൽ പുതുതായി തലപൊക്കിയിട്ടുള്ള വർഗ്ഗീയവാദികളാണ്' ഇതിനു കാരണക്കാരെന്നും അദ്ദേഹം പ്രസ്താവിച്ചു.

11. ഏപ്രിൽ 18–ാംതീയതി ജിദ്ദയിൽ എഫ്രോ. പി–ക്കനുവദിച്ച അഭിമുഖസംഭാഷണത്തിൽ, 'ഞങ്ങളെ സംബന്ധിച്ചിടത്തോളം, ആവശ്യമെങ്കിൽ ശക്തി ഉപയോഗിച്ചുപോലും കാശ്മീരിന്റെ സ്വാതന്ത്ര്യവും പരമാധികാരവും വീണ്ടെടുക്കാൻ ഉറച്ചിരിക്കയാണെന്നും' അദ്ദേഹം വ്യക്തമാക്കി.

12. ലണ്ടനിൽവെച്ച് പാകിസ്ഥാനി കൂട്ടുമായി സംസാരിക്കുമ്പോൾ ഷെയ്ക്ക് അബ്ദുള്ളയോടൊപ്പമുണ്ടായിരുന്ന മിർസാ അഫ്സൽബേഗ് കൂട്ടിച്ചേർത്തു: 'കാശ്മീരിലെ ഇന്ത്യാ വിരുദ്ധ വികാരങ്ങളും അവിടത്തെ ഗവർമ്മെണ്ടിനെ പരിഭ്രാന്തമാക്കിയിട്ടുണ്ടെന്നു തോന്നുന്നു. സാദിഖിന്റെ ജനഹിതകരമല്ലാത്ത ഭരണം സ്വീകരിക്കാൻ അവർ കാശ്മീരികളെ മർദ്ദിക്കുകയാണ്.

### പാക് അക്രമത്തെപ്പറ്റി മിണ്ടിയില്ല

13. കാശ്മീരിലെ പാക് ആക്രമണത്തെപ്പറ്റിയോ വിമർശനപരമായോ അപലപനസ്വരത്തിലോ ഷെയ്ക്ക് യാതൊന്നും പറഞ്ഞില്ല എന്നതാണ് എല്ലാറ്റിലും പ്രധാനം. കാശ്മീരിലെ യുദ്ധവിരാമരേഖയുടെ കൃത്രിമത്വത്തെപ്പറ്റി സംസാരിച്ചപ്പോൾ തന്നെ, അതു് വസ്തുതിതീർത്ത പരിതഃസ്ഥിതികൊണ്ടു വിവരിക്കുന്നതിൽനിന്നും അദ്ദേഹം ഒഴിഞ്ഞുനിന്നു. അധീനകാശ്മീരിൽ പാകിസ്ഥാൻ നടത്തിവരുന്ന ജനാധിപത്യവിരുദ്ധമായ ഭരണത്തേയും അവിടെ നടന്നുവരുന്ന ഏറ്റവും ക്രൂരമായ രീതിയിലുള്ള കൊളോണിയലിസത്തേയും പറ്റിയും അദ്ദേഹം ഒന്നും പറഞ്ഞില്ല.

### "ഡാൺ ലേഖ"കനുമായുള്ള അഭിമുഖസംഭാഷണം

14. ചൗ എൻ–ലായുമായി കണ്ടുമുട്ടുന്നതിനുമുമ്പുതന്നെ ഷെയ്ക്ക് ചൈനയുമായി ബന്ധം പുലർത്തിയിരുന്നു. 'ഡാണി'ന്റെ ലണ്ടൻ ലേഖകനുമായി നടത്തിയ ഒരു അഭിമുഖസംഭാഷണത്തിൽ അദ്ദേഹം പ്രസ്താവിച്ചു "ഞങ്ങളുടെ ലക്ഷ്യത്തിനു് ചൈന പിന്തുണ തുടർന്നിച്ചു പ്രഖ്യാപിച്ചിട്ടുള്ളതിൽ സ്വാഭാവികമായും ഞങ്ങൾ വളരെ കൃതജ്ഞരാണ്. ഇതു് രാഷ്ട്രത്തിൽനിന്നുള്ള പിന്തുണയും ഞങ്ങൾ ക്കാവശ്യമുണ്ട്; ഞങ്ങളുടേത് 'സ്വാശ്രയം' ചെയ്യുകയും ചെയ്യുന്നു."

### "കാശ്മീരിമുന്നിൽ"

15. പാസ്പോർട്ടിനുള്ള അപേക്ഷയിൽ "കാശ്മീരിൽ മുസ്ലീം" എന്നാണ് ഷെയ്ക്ക് എഴുതിയതു്. വർഗ്ഗീയവും വിഭാഗീയവുമായ ഒരു വീക്ഷണഗതിക്കാരനായി അദ്ദേഹം മാറി എന്നതിന്റെ അന്തിമവും പൂണ്ണവുമായ തെളിവായിരുന്നു അതു്.

16. ഇങ്ങിനെ നോക്കുമ്പോൾ ജമ്മു–കാശ്മീരിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഷെയ്ക്കിന്റെ സ്വാധീനം ഇടിഞ്ഞുപോവുകയാണെന്നതിൽ അത്ഭുതത്തിനവകാശമില്ല. ഷെയ്ക്ക് അബ്ദുള്ളയുടെ പ്രസംഗങ്ങളെത്തുടർന്നുണ്ടായ സംഘഷ്ടാത്മകമായ അന്തരീക്ഷം കാരണം 1964–ലെ ട്രസ്റ്റ്സ്നിൽ ഇന്ത്യയുടെ മാറ്റ ഭാഗങ്ങളിൽനിന്നുള്ള സന്ദർശകർ തങ്ങളുടെ പരിപാടി മാറ്റിവെച്ചു. ഇതു് കാശ്മീരിലെ സാധാരണക്കാരെ വളരെ അധികം ബുദ്ധിമുട്ടിച്ചു. നാഷണൽ കോൺഫ്രൻസിന്റെ പിന്തുണ അദ്ദേഹത്തിനു് നഷ്ടപ്പെട്ടിരിക്കുന്നു. നാഷണൽ കോൺഫ്രൻസിനെ അനുകൂലിക്കുന്നവരെ അദ്ദേഹം പിണക്കിയിരിക്കുന്നു. മതേതര ജനാധിപത്യമൂല്യങ്ങളിൽ വിശ്വാസിക്കുന്നവരുടെ സഹാനുഭാവവും ഇന്ന് ഷെയ്ക്കിനില്ല. സർവ്വോപരി ജനങ്ങളുടെ വിശ്വാസം അദ്ദേഹത്തിനു് നഷ്ടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ കാശ്മീരിൽ സമാധാനവും സുസ്ഥിരതയും ഉണ്ടെങ്കിലേ സഞ്ചാരികളും അങ്ങോട്ടുവരികയുള്ളുവെന്നും സഞ്ചാരികളും വന്നില്ലെങ്കിൽ തങ്ങളുടെ സമ്പദ്വ്യവസ്ഥ താറുമാറാകുമെന്നും അവക്കറിയാം.

### അക്രമങ്ങളിലേയ്ക്ക്

17. ജനങ്ങളിൽനിന്നു വിപ്ലവണ ലഭിക്കാതായപ്പോൾ ഷെയ്ക്ക് അബ്ദുള്ളയും ഹിതപരിശോധനാമുന്നണിയും അക്രമണത്തിനും നിയമസമാധാനഭഞ്ജനത്തിനും വഴിവെക്കുന്നമാർഗ്ഗങ്ങളും സ്വീകരിക്കാൻ തുടങ്ങി. ദേശീയമൂല്യങ്ങളിൽ വിശ്വസിച്ചിരുന്നവക്കെതിരെ മതത്തു് ഇളക്കിവിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ള തക്കിമാലാത്തു് (ബ്രഹ്മിഷ്ടരണ) പരിപാടിയായിരുന്നു അതിപ്രധാനം. തങ്ങളുടെ വിശ്വാസപ്രമാണങ്ങളും സ്വീകരിക്കണമെന്ന ജനങ്ങളോടു് കല്പിക്കാൻ ഫാസിസ്റ്റ് സമ്പ്രദായങ്ങളും ഉപയോഗിക്കുന്നതിനു് തീവ്രവാദികളായ ചില ഹിതപരിശോധനാമുന്നണി പ്രവർത്തകരെ അദ്ദേഹം ഷോക്ക് ട്രൂപ്പർമാരായി ഉപയോഗപ്പെടുത്തി.

18. അഴിമതി ഉടച്ചുനക്കൽ, ഭരണയന്ത്രം മെച്ചപ്പെടുത്തൽ, ജനങ്ങളുടെ മൗലികാവകാശങ്ങളും സാക്ഷാൽക്കരിക്കൽ എന്നീ നടപടികളിലൂടെ ജമ്മു–കാശ്മീർ ഗവർമെണ്ടു് ജനപ്രിയങ്ങളിൽ നല്ല പിന്തുണ ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തു് പുതിയൊരു ആത്മവിശ്വാസം സൃഷ്ടിക്കാനും രാഷ്ട്രീയ സാമ്പത്തിക സുസ്ഥിരതയും സംജാതമാക്കാനും സംസ്ഥാന ഗവർമെണ്ടിനു് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങളെ, പ്രത്യേകിച്ച് രാഷ്ട്രീയോദ്യോഗങ്ങൾക്ക് മതവികാരങ്ങളും ഉപയോഗപ്പെടുത്താൻ മടിക്കാത്തവർ കാരണം. അപകടപ്പെടുത്തിക്കൂടാ.

### വിശ്വസ്തത കാണിച്ചില്ല

19 1947–52 കാലങ്ങളിൽ താൻ ആവേശപൂർവ്വം പ്രഖ്യാപിച്ച, കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്ന അടിസ്ഥാനപരമായ നിലപാടു് ഷെയ്ക്ക് അബ്ദുള്ളകൈവെടിഞ്ഞിരിക്കയാണ്. കഴിഞ്ഞകൊല്ലംജയിൽ വിമോചിതനായ ശേഷവും കുറഞ്ഞതോതിലെങ്കിലും അദ്ദേഹം ഈ നിലപാടു് പ്രഖ്യാപിച്ചിരുന്നു. ഇങ്ങിനെ ചെയ്യുകവഴി, ചരിത്രവും യഥാർത്ഥ്യങ്ങളുടെ നിഷ്പക്ഷങ്ങളും ന്യൂനപക്ഷതാല്പര്യങ്ങളും ഇന്ത്യയുടെ മതേതര സ്വഭാവത്തിൽനിന്നു് ഉണ്ടായിരുന്നമാറ പരിഗണനകളും അദ്ദേഹം അവഗണിക്കുകയാണ്. കാശ്മീരിൽ ആക്രമണകാരികളായ പാക്കിസ്ഥാനെറയും ചൈനയുടേയും പ്രയുണനേടാൻ ശ്രമിച്ചുകൊണ്ടു് ഇന്ത്യയും ഈ രാഷ്ട്രങ്ങളും തമ്മിൽ സംഘർഷം വർദ്ധിപ്പിക്കാൻ അദ്ദേഹം യത്നിക്കുന്നു. തന്റെ രാഷ്ട്രീയ ജീവിതത്തിലൊരിക്കലും തന്നെ എതെങ്കിലും നേതാവിനോടോ, തന്റെ സഹപ്രവർത്തകരോടോ, എതിനു് സ്വന്തം പ്രത്യയശാസ്ത്രത്തോടുപോലുമോ വിശ്വസ്തത കാണിക്കുകയെന്നതു് ഷെയ്ക്ക് ബുദ്ധുള്ള ചെയ്തിട്ടില്ല.

20. ഇന്ത്യാഗവർമെണ്ടു് അദ്ദേഹത്തോടു് സാധ്യമായ എല്ലാ പരിഗണനകളും കാണിച്ചിട്ടുണ്ടു്. ജമ്മു–കാശ്മീരിലെ മുൻ പ്രധാന മന്ത്രിയെന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ പഴയ പദവിയേയും പ്രതിപക്ഷനേതാക്കന്മാരോടുള്ള ഇന്ത്യാ ഗവമ്മെണ്ടിന്റെ സ്വതന്ത്രനയത്തേയും അദ്ദേഹം ഇപ്പോൾ പ്രസംഗിച്ച നടക്കുന്ന വീക്ഷണഗതിയുടെ തികഞ്ഞ യഥാർത്ഥ്യമില്ലായ്മയേയും മൻനിർത്തിയായിരുന്നു ഇതു്. പക്ഷെ ഷെയ്ക്ക് ഈ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തിയവന്നു. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാനുമായും ചൈനയുമായും കൂട്ടുകെട്ടിൽ ഏർപ്പെടുകവഴി, ഇന്ത്യയിലെ ഒരു സ്വതന്ത്രപൗരനു് യോജിക്കാത്തരീതിയിലുള്ള ഒരു പ്രവർത്തനമാർഗ്ഗമാണു് അദ്ദേഹം സ്വീകരിച്ചതു്.

—

### യുവജന കലാസമിതി വാർഷികം

[സ്വ. ലേ] പറപ്പൂക്കര, മേ. 12

ആനന്ദപുരം യുവജനകലാസമിതിയുടെ വാർഷികം ഇന്നലെ ആഘോഷിക്കപ്പെട്ടു. യോഗത്തിൽ ഇരിങ്ങാലക്കുട ബ്ലോക്ക് ഡെവലപ്പ്മെൻറ് കാഫീസർ ശ്രീ. കുഞ്ഞബാവാ അദ്ധ്യക്ഷം വഹിച്ചു. യോഗാനന്തരം "തകഴി ഹൃദയം" എന്ന നാടകം അവതരിപ്പിക്കപ്പെട്ടു.

....

## എറണാകുളം വാർത്തകൾ

[സ്വ. ലേ] മേയ് 10

താഴ്ന്ന വരുമാനക്കാർക്ക് വീട് നിർമ്മിക്കുന്നതിനു് വായ്പ അനുവദിക്കുന്ന പദ്ധതി അനുസരിച്ച്, കളർ കൊല്ലോടിപറമ്പിൽ ശ്രീ. കെ. കെ. നാരായണനു് 5000 രൂപാ വായ്പ അനുവദിച്ചിരിക്കുന്നു.

### മൃഗാശുപത്രി പണിയുന്നു

വാഴക്കുളം ദേശീയ വികസന ബ്ലോക്കിൽ കിഴക്കമ്പലത്തു് ഒരു മൃഗാശുപത്രിയും, വാഴക്കുളത്തു് ആശുപത്രിയുടെ ഒരു ഉപകേന്ദ്രവും പണിയുന്നതിനു് 18000 രൂപായുടെ ഒരു പദ്ധതിയ്ക്കു് അനുവാദം നൽകിയിരിക്കുന്നു.

### പമ്പുസെറ്റ് അനുവദിച്ചു

ആലങ്ങാട് ദേശീയ വികസന ബ്ലോക്കിൽ കോട്ടപ്പുറത്തു്, മേത്തരുപറമ്പിൽ എം. എം. പരീതിനു് 1500 രൂപാ വിലയുള്ള ഒരു പമ്പുസെറ്റ് ഹയർ പർച്ചേസ് വ്യവസ്ഥയിൽ കൊടുക്കുന്നതിനു് അനുവദിച്ചിരിക്കുന്നു.

### ദേശീയ വികസനസമിതി യോഗം

വൈറ്റില ദേശീയ വികസനസമിതിയുടെ ഒരു യോഗം ഈമാസം 7–ാംതീയതിയ്ക്കുശേഷം 3 മണിക്ക് ബ്ലോക്ക് കാഫീസിൽവെച്ചു ചേരുന്നതാണ്.

### വനിതാ ക്യാമ്പു്

വാഴക്കുളം ദേശീയ വികസന ബ്ലോക്കു് അതിർത്തിയിലുള്ള 5 പഞ്ചായത്തുകളിലായി അമ്പു് വനിതാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു. വനിതാ ക്യാമ്പു് നടത്തിപ്പിനവേണ്ടി മൊത്തം 250 രൂപാ അനുവദിച്ചിരിക്കുന്നു.

### സഹകരണാടിസ്ഥാനത്തിൽ പ്രസ്സ്

തൊടുപുഴതാലൂക്കിൽ, കടയത്തുനാട്ടു് 20,000 രൂപായുടെ മൂലധനത്തോടുകൂടി 'കാഞ്ഞാർ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്തിരിക്കുന്നു.

—

### വീടുവയ്ക്കാൻ സഹായം

ചമ്പക്കുളം, മേ 12

ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽ നിന്നും ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് വീടുവയ്ക്കുന്നതിനു് അഞ്ഞൂറായ ഹരിജനങ്ങളിൽ നിന്നു് കുട്ടനാടു് താലൂക്ക് ഹരിജൻ വെൽഫയർ ഇൻസ്പെക്ടർ (മങ്കൊമ്പു്) അപേക്ഷ 

# 'വിപ്ലവൈക്യരാഷ്ട്രസഭ'യുണ്ടാക്കുമെന്ന് ചീനക്കാരൻ

*(പി ടി ഐ) വിനോബാ (ഘാനാ), മേയ് 12*

*ഒരു ബദൽ വിപ്ലവ ഐക്യരാഷ്ട്രസംഘടനയുണ്ടാക്കുമെന്ന് ചീന ഇന്ന് ഭീഷണിപ്പെടുത്തിയിരിക്കുന്നു.*

ആഫ്രിക്കയിലേയും ഏഷ്യയിലേയും ജനതകളുടെ രക്തത്തിൽ ഐക്യരാഷ്ട്രസഭയുടെ പതാക കത്തിനിൽക്കയാണെന്നും നാലാം ആഫ്രോ–ഏഷ്യൻ സൊളിഡാരിറ്റി കോൺഫറൻസിൽ പ്രസംഗിച്ചുകൊണ്ട് ചൈനീസ് പ്രതിനിധി ലിയാങ്ങ്ചെങ്ങ് മി ആരോപിച്ചു. ഏഷ്യയിലേയും ആഫ്രിക്കയിലേയും ദേശീയവിമോചന പ്രസ്ഥാനങ്ങളെ അടിച്ചമർത്താൻവേണ്ടി ഐക്യരാഷ്ട്രസംഘടനയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒരു കരുവാക്കി മാറ്റിയിരിക്കയാണെന്ന് ലിയാങ്ങ് പറഞ്ഞു.

ഐക്യരാഷ്ട്രസഭ അമേ. സാമ്രാജ്യത്വത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നില്ലെങ്കിൽ ഒരു വിപ്ലവ ഐക്യരാഷ്ട്രസഭയെപ്പറ്റി പരിചിന്തിക്കേണ്ടതു് ആവശ്യമായിവരും.

....

## ജനഹിതപരിശോധന ക്കാർ അറസ്റ്റിൽ

[പി ടി ഐ] ജമ്മു, മേ 22

16 ജനഹിത പരിശോധനാമുന്നണിക്കാരെ ഡോഡാ ജില്ലയിൽനിന്നും അറസ്റ്റുചെയ്തിരിക്കുന്നു. ജില്ലയിലെ സ്ഥിതി ശാന്തമാണെന്നും ഔദ്യോഗിക വൃത്തങ്ങൾ പ്രസ്താവിക്കുന്നു.

## പാക് അട്ടിമറി സംഘത്തെ തകർത്തു

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ [ജമ്മുവിൽ നിന്നും 12 പാക് ഏജന്റുമാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പോലീസ് വൃത്തങ്ങൾ ഇന്ന് പറഞ്ഞു.

കശ്മീരിക്കാലമായി ജമ്മുവിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു പാക് ഗൂഢവലയത്തിന്റെ തകർക്കപ്പെട്ടിരിക്കുകയാണെന്ന് അവർ അവകാശപ്പെട്ടു.

—

## ഗോജിപ്പായി

(റോയിട്ടർ) ലണ്ടൻ, മേ. 11

ജർമ്മൻ പുനഃരേകീകരണം സംബന്ധിച്ച ഒരു സംയുക്ത പ്രസ്താവനയിന്മേലായിരുന്ന സ്റ്റംനോം അവസാനിപ്പിച്ച് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, പശ്ചിമജർമനി എന്നീ രാജ്യങ്ങൾ ഒരു ദിവസത്തിലധികമായിരിക്കുന്നു. ഈ തടസ്ഥലത്തും ഉന്നയിക്കുന്നില്ല ഒരു സംയുക്തപ്രസ്താവന അതിനാൽ ഇതുവരെയുള്ള നിലയിൽ പ്രസിദ്ധീകരി ക്കുന്നതല്ല.

## സ്റ്റെയ്സിയെ നാട് കടത്താനാലോചന

[പി ടി ഐ] ന്യൂഡൽഹി, മെ 12

ഉടൻതിരിച്ചുവിളിക്കുന്നതിനുള്ള നടപടിയെന്ന പേരിൽ പാശ്ചാത്യ ബ്രിട്ടീഷ് പത്രപ്രവർത്തകനായ ടി. സി. ജി: സ്റ്റെയ്സിയെ ഇന്ത്യയിൽനിന്നും നാടുകടത്തുന്നതായി അറിയുന്നു.

കേന്ദ്ര ഗവണ്മെന്റ് ഈ സംഭവത്തെ ഗൗരവമായി വീക്ഷിച്ചിട്ടുണ്ട്. ഇയാൾ ക്ഷെതിരായി എന്തു നടപടി സ്വീകരിക്കണമെന്ന് മന്ത്രിശാഖ ഗവണ്മെന്റുമായി കേന്ദ്രം ആലോചിച്ചുവരുന്നു. ഇയാൾ പലരോടും പലതരത്തിലാണ് താനെന്നുപറഞ്ഞിട്ടുള്ളത്. താൻ ഒരു എം. ആർ. എ. ക്കാരനാണെന്നും ചില അധികൃതരോട് ഇയാൾ പറഞ്ഞുവത്രെ.

## ഉടനടി റിപ്പോർട്ടയക്കാൻ ആവശ്യപ്പെട്ടു

(റോയിട്ടർ) ലണ്ടൻ, മെ 12

ബ്രി. പത്രപ്രവർത്തകനായ സ്റ്റെയ്സിയുടെ അറസ്റ്റും തടങ്കലും സംബന്ധിച്ച് അടിയന്തിരമായി റിപ്പോർട്ടയക്കാൻ കോമൺവെൽത്ത് റിലേഷൻസ് സെക്രട്ടറി ആർതർ ബോട്ടംലി ന്യൂഡൽഹിയിലെ ബ്രി. ഹൈക്കമ്മീഷ്ണറോടാവശ്യപ്പെട്ടിരിക്കുന്നു.

34 വയസ്സുള്ള സ്റ്റെയ്സി "ലണ്ടൻ സൺഡേ ടൈംസി"ന്റെ വിദേശകാര്യലേഖകനാണ്.

ഔദ്യോഗികമായ അനുവാദത്തോടുകൂടിയാണ് താൻ ഷേക്കിനെ കാണാനെന്നും വന്നതെന്നും ഒരു വ്യാജരേഖയുണ്ടാക്കിയെന്നു കാറും സ്റ്റെയ്സിയുടെ മേൽ ചുമത്തിയിട്ടുണ്ടെന്നും ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷ്ണർ ഇന്ന് പ്രസ്താവിച്ചു. ഒരു എം. ആർ. എ. ക്കാരനാണെന്ന പരഞ്ഞത് ആൾമാറാട്ടം നടത്തിയെന്ന കുറ്റവും സ്റ്റെയ്സിയുടെ മേൽ ചുമത്തപ്പെട്ടിട്ടുണ്ട്.

[പി ടി ഐ] കോയമ്പത്തൂർ, മെ 12

സ്റ്റെയ്സിയുടെ അറസ്റ്റ് സംബന്ധിച്ച് മദിരാശിയിൽനിന്നും ബ്രിട്ടീഷ് ഹൈക്കമ്മീഷനിലെ ഒരുദ്യോഗസ്ഥൻ ഇന്നുച്ചകഴിഞ്ഞ് കോയമ്പത്തൂരിലെത്തുന്നതാണെന്ന് ഇവിടുത്തെ ബ്രി പൌര സംഘടനയുടെ ചെയർമാൻ മി. എ. എഫ്. ഡബ്ലിയു. ലോ പ്രസ്താവിച്ചു.

—

## കൃഷി വിപുലീകരണത്തിനുള്ള പരിപാടികൾ

നാലാം പഞ്ചവത്സരപദ്ധതിയും കേരളവും–3

ഏതാനും കൃഷികളിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ വിളവുകളിൽ പകുതി നെല്ലും, തേങ്ങയും ആണ്. ഈ കൃഷികളുടെ അഭിവൃദ്ധിയിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഉദ്ദേശം. കൂടാതെ, അടയ്ക്ക, തേയില, മരച്ചീനി, റബ്ബർ, കശുമുളക്, വാഴ എന്നിവയുടെ കൃഷിയിലും പ്രത്യേകം ശ്രദ്ധിക്കും. ഈ കൃഷികളിൽനിന്നുള്ള ആദായം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് കട്ടകൃഷി മുഖേന സാധിക്കും. എന്നാൽ അതിലേയ്ക്ക് ആവശ്യമായ പണവും പ്രവർത്തകരും ഉണ്ടാകുകയില്ലാ എന്നതിനാൽ ഉല്പാദനം 25 ശതമാനം കണ്ടു വർദ്ധിപ്പിക്കണമെന്നേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. അരിയുല്പാദനം 12 75 ലക്ഷം ടൺ ആയും നാളികേരോല്പാദനം 372 കോടിയായും വർദ്ധിക്കുമെന്ന പ്രതീക്ഷിക്കുന്നു.

രണ്ടുമൂന്നുലക്ഷം ഏക്കർ ഭൂമിയിൽ നല്ല തരം വിത്തുകളുപയോഗിച്ച് കൃഷി നടത്തണമെന്നാണുദ്ദേശം. പരിഷ്കൃതമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തുന്നതാണ്. ഇതിലേയ്ക്ക് ഒരു കാർഷിക–വ്യാവസായിക കോപ്പറേഷൻ സ്ഥാപിക്കുന്നതാണ് നന്നായിരിക്കുമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. നെൽകൃഷിക്കുള്ള വളത്തിനു് സബ്സിഡി അനുവദിക്കുപ്പെടേണ്ടതാണ്. നെൽകൃഷിക്കുള്ള കീടനാശിനിയ്ക്കും പകുതിവില സൗജന്യം അനുവദിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഭൂമി വീണ്ടും സർവ്വേ നടത്തണമെന്നതാണ് മറ്റൊരു നിർദ്ദേശം. 2000 ചതുരശ്രമൈൽ ഭൂമി സർവ്വേ നടത്തുന്നതിനുള്ള പരിപാടി മൂന്നാംപദ്ധതിക്കാലത്തു് നടപ്പിൽ വരുത്തുന്നതിനു് തീരുമാനിച്ചിട്ടുണ്ട്. ശേഷിച്ച 11,300 ചതുരശ്രമൈൽ എഴുവർഷംകൊണ്ടു് സർവ്വേ നടത്തണമെന്നാണുദ്ദേശം. ഈ പരിപാടി നടപ്പിൽ വരുത്തുന്നതിനു് നാലാം പദ്ധതിക്കാലത്തു് 11 കോടി രൂപാ ചിലവുവരും.

ചെറുകിട ജലസേചനപരിപാടികൾക്കു പുറമേ കിണർ കഴിക്കൽ തുടങ്ങിയ നടപടികളും സ്വീകരിക്കപ്പെടുന്നതാണ്. തെങ്ങുനനയ്ക്കുന്നതിനുള്ള പദ്ധതിക്കായി അഞ്ചുകോടിരൂപാ ചിലവുചെയ്യണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നു. 1.32 ലക്ഷം ഏക്കർ സ്ഥലത്തു് ചെറുകിട ജലസേചന പദ്ധതി നടപ്പാക്കണമെന്നും, ഇതിന് 12 1/2 കോടി രൂപാ ചിലവാകുമെന്നുമാണ് പ്രതീക്ഷ.

എട്ടുലക്ഷം ഏക്കർ സ്ഥലത്തു് മണ്ണുസംരക്ഷണജോലികൾ നടപ്പാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി 10 ലക്ഷം ഏക്കറിലെ മണ്ണുപരിശോധനയെങ്കിലും നടത്തണമെന്നു് കേന്ദ്രഗവണ്മെന്റിനോടു് അപേക്ഷിക്കണമെന്നും മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നു. പ്രധാന നദീതടപദ്ധതിപ്രദേശങ്ങളിൽ മൂന്നു കോടിരൂപാ ചിലവിൽ മണ്ണുസംരക്ഷണപരിപാടികൾ നടപ്പിൽ വരുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ഭൂമി നികുതിയെടുക്കുന്നതിനും കോളനികൾ ഏറ്റെടുത്തുന്നതിനുമുള്ള പരിപാടികളുമുണ്ട്. മണ്ണടിയൽ തടയുന്നതിനുംകൂടി ഉദ്ദേശിച്ചുകൊണ്ടുള്ള തണ്ണീർമുക്കംപദ്ധതി നാലാം പദ്ധതിക്കാലത്തു് പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. കുട്ടനാട്ടിലെ കായൽനിലങ്ങളിലും, എറണാകുളം ജില്ലയിലെ കരിനിലങ്ങളിലും, തൃശ്ശൂർജില്ലയിലെ കോൾനിലങ്ങളിലും ബണ്ടുകളിട്ട് ഇരുപ്പുകൃഷി നടത്തുന്നതിനുള്ള സൗകര്യവും ആരായുവാൻ എന്തു വേണ്ടിവരുമെന്നതിനെപ്പറ്റി ഒരു സർവ്വേ നടത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് 187 ലക്ഷം രൂപാ ചിലവുചെയ്യണമെന്നാണ് ഉദ്ദേശം. ഒസറിൽമെന്റ് പദ്ധതിക്കായി 110 ലക്ഷം രൂപാ ചിലവുചെയ്യണമെന്നും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.(കേരളാപ്രസ്സ് സർവ്വീസ്)

## കോഴിക്കുഞ്ഞുങ്ങളുടെ വിമാനസഞ്ചാരം

എറണാകുളം, മേയ്, 11

60 കോഴിക്കുഞ്ഞുങ്ങളെ ഇന്ന് ഇന്ത്യൻ എയർലൈൻസ് കോഴ്സ് റേഷന്റെ ഒരു യാത്രാവിമാനത്തിൽ ഇറ്റുവഴി കോയമ്പത്തൂരേയ്ക്കു കൊണ്ടുപോയിരിക്കുന്നു.

വിമാനത്താവളത്തിൽവച്ച് ഈ സഞ്ചാരി'കൾക്ക് പൊടിയരിയും വെള്ളവും അടങ്ങിയ ലഞ്ചു് നല്കുകയുണ്ടായി.

....

## കായൽ രാജാക്കന്മാരെ വലവീശാൻ കായംകുളത്ത് ചെക്പോസ്റ്റ്

[സ്വ. ലേ.] ആലപ്പുഴ മെ. 12

കുട്ടനാടൻ പ്രദേശങ്ങളിൽ നിന്നും ലെവി എടുത്തുതീർത്തതിനുശേഷമായി അനധികൃതമായി നെല്ലും അരിയും കടത്തികൊണ്ടു പോകുന്നതിനു തടയാൻ നാഷ്നൽ ഹൈവേയിൽ കായംകുളത്തു് ഒരു ചെക്പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നു. ജില്ലയുടെ മറ്റു ഭാഗങ്ങളിലും കുട്ടനാട്ടിലും ഈ ജോലി കർശനമായി പോലീസ് റോന്തുചുറ്റുന്നുണ്ട്.

—

## കേരള കോൺ: സംസ്ഥാന സമ്മേളനം ജന: സെക്രട്ടറിയുടെ പ്രസ്താവന

കോട്ടയം, മേ 12

കേരളാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി മാത്തച്ചൻ എം. കരുവിനാക്കനേൽ പുറപ്പെടുവിക്കുന്ന പ്രസ്താവന.

കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രാഷ്ട്രീയ സംഘടനയായ കേരളാ കോൺഗ്രസ്സിന്റെ പ്രഥമ സംസ്ഥാനി കസമ്മേളനം ഈ മാസം 15, 16 തീയതികളിൽ തൃശ്ശൂർ നഗരത്തിൽ നടത്തപ്പെടുന്നതാണ്. ഈ മഹാസമ്മേളനത്തെ പരമാവധി വിജയിപ്പിക്കാൻ കേരളാ കോൺഗ്രസ്സിന്റെ പ്രവർത്തകർക്കും അനുഭാവികളും ജനാധിപത്യവിശ്വാസികളും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും സാദരം അഭ്യർത്ഥിക്കുന്നു.

തൃശ്ശൂർ പി. ടി. ചാക്കോ നഗറിൽ ചേരുന്ന ഈ മഹാസമ്മേളനത്തിൽ കേരളീയമായ ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും സമുന്നതരായ പല നേതാക്കന്മാരും പങ്കെടുക്കുന്നതാണ്.

സമ്മേളനനഗറിലേക്കുള്ള പതാക തിരുവനന്തപുരം പല്ലവിള രക്തസാക്ഷി മണ്ഡപത്തിൽനിന്നും നിരവധി വാഹനങ്ങളുടെ അകമ്പടിയോടുകൂടി മെയ് 13–ാംനേ ഉച്ചക്ക് 1 മണിക്ക പുറപ്പെട്ട് ചാത്തന്നൂർ, കൊല്ലം, അടൂർ, മാവേലിക്കര, തിരുവല്ല, കോട്ടയത്തു് എത്തിച്ചേരുന്നതാണ്. കോട്ടയത്തുനിന്നും 14 –ാംനേ രാവിലെ 7—30 നു് പുറപ്പെട്ട് കടുത്തുരുത്തി, ഏറ്റുമാനൂർ, കാണക്കാരി, കടുത്തുരുത്തി, തലയോലപ്പറമ്പു്, വൈക്കം, ഉദയനാപുരം, തുരുത്തിപ്പുറം, എറണാകുളം ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങൾ വഴി 3 മണിക്കു് അങ്കമാലിയിൽ എത്തുന്നു.

പി. ടി. മാത്യുവിന്റെ പുണ്യകർമ്മം 14–ാംനേ രാവിലെ 7—30 നു് വടക്കൻ പറവൂരിലുള്ള കേരളാ കോൺഗ്രസ്സ് ആഫീസിൽനിന്നും ഘോഷയാത്രയായി അനേകം ലക്ഷങ്ങൾ വാഹനങ്ങളിലും അകമ്പടിയായി ചെറുവണ്ടികളിലും കാൽനടയായും കുന്നം, പൈക, പാലാ, തൊടുപുഴ, വാഴക്കുളം, കോതമംഗലം മൂവാറ്റുപുഴ പെരുമ്പാവൂർ, കാലടി വഴി, അന്നു 3മണിക്ക് അങ്കമാലിയിൽ എത്തുന്നു. കൃത്യം 3 മണിക്ക് അങ്കമാലി രക്തസാക്ഷിമണ്ഡപത്തിൽനിന്നു കൊളുത്തുന്ന ദീപശിഖയുമായി ആർഭാടസമ്പന്നമായ പതാക, പൂക്കുടയേന്തിയും, ദീപശിഖ പുന്നിവരുമായി തൃശ്ശൂരിലേയ്ക്കു നീങ്ങുന്നു.

കേരളത്തിന്റെ തലസ്ഥാനനഗരി മുതൽ തൃശ്ശൂർവരെയുള്ള ഈ ഘോഷയാത്രയിൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ കക്ഷികളും ആവുന്നത്ര സഹകരിപ്പാനപേക്ഷ. പതാകയും ശ്രീ ചാക്കോയുടെ ചിതാഭസ്മവും ദീപശിഖയും അവ കടന്നുപോകുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളും സംഘാതമായി ചേർന്നുകൊണ്ട് സ്വീകരണങ്ങളും നൽകണമെന്നും അങ്ങനെ ഈ സംരംഭത്തെ പ്രബുദ്ധമാക്കണമെന്നും അപേക്ഷിക്കുന്നു.

15–ാംനേ ശനിയാഴ്ചയും, 16–ാംനേ ഞായറാഴ്ചയും നടക്കുന്ന പ്രതിനിധി സമ്മേളനത്തിലും ഞായറാഴ്ച വൈകുന്നേരം നടക്കുന്ന പ്രകടനത്തിലും പൊതുസമ്മേളനത്തിലും കഴിയുന്നത്ര ആളുകൾ പങ്കുകൊള്ളണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു.

....

## മഹാത്മാ ഘോഷയാത്രയെ ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിട്ടു

(പി. ടി. ഐ) അലഹാബാദ് മേ. 12

ഒരു മുസ്ലീം ഘോഷയാത്രക്കുനേരെ പോലീസും തമ്മിൽ നടന്ന ഒരു സംഘട്ടനത്തെ ഉടനടി അന്വേഷണത്തിനു പോലീസുകാരെ നിയോഗിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. ലാത്തിച്ചാർജ്ജുമൂലം ഏതാനും ജാഥക്കാരെ പരുക്കേറ്റിട്ടുണ്ട്. എത്രപേർക്കാണ് പരുക്കേറ്റതെന്നു് കൃത്യമായി പറയാറായിട്ടില്ല. പോലീസ് ഈ പ്രദേശത്തു് റോന്തുചുറ്റുന്നുണ്ട്.

മുസ്ലീങ്ങളെക്കിനും ജനങ്ങളും പങ്കെടുത്ത ഈ ഘോഷയാത്ര, നേരത്തേ തീരുമാനിക്കപ്പെട്ടതിലും ഒരു മണിക്കൂർകൂടി കടന്നുപോകുവാൻ ശ്രമം നടത്തി. പോലീസ് ഇതു തടഞ്ഞപ്പോൾ, ഏതാനും ജാഥക്കാർ പോലീസിനെ കല്ലെറിഞ്ഞതായും പോലീസ് ആരോപിക്കുന്നു. അതുസംബന്ധിച്ചും പോലീസുകാക്ക് ഇതുവരെ പരുക്കേറ്റവരെക്കുറിച്ചും ഉടനടി ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. സ്ഥിതിഗതികൾ ഇപ്പോൾ ശാന്തമാണ്.

—

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur.

## ഇന്ത്യയിൽ 50 ലക്ഷം അന്ധന്മാർ

(റോയിട്ടർ) സിഡ്നി, മേ. 12

ഇന്ത്യയിൽ ചൂണ്ടിയതു് 50–ലക്ഷം അന്ധന്മാരുണ്ടെന്നു് ഒക്ടോബറിനു വെയിൽ സിലെ ഒരു നേത്രചികിത്സാവിദഗ്ദ്ധനായ ഡോ: എഫ്. ഗ്രിഗറി–റോബർട്സ് പ്രസ്താവിച്ചിരിക്കുന്നു.

അനേകം ആസ്ത്രേലിയൻ നേത്രചികിത്സാഭിഷഗ്വരന്മാരുമായി ഇന്ത്യയിൽ ഇയ്യിടെ പര്യടനം നടത്തിയ ഡോ: റോബർട്ട് ഇവിടെയുള്ള റോട്ടറി ക്ലബ്ബിൽ തന്റെ അനുഭവങ്ങൾ വിവരിക്കുകയായിരുന്നു. അവരുടെ ഇന്ത്യൻ സന്ദർശനം ഏർപ്പെടുത്തിയതു 'ഇൻറർനേഷണൽ മൊബൈൽ ഓപ്താൽമിക് ക്ലിനിക്കായിരുന്നു.

ഇന്ത്യയിലെ അന്ധന്മാരിൽ 12 ലക്ഷത്തോളം കുട്ടികളാണെന്നും ഡോ: റോബർട്ട് പറഞ്ഞു. തങ്ങളുടെ സന്ദർശനവേളയിൽ 8000–ത്തോളം രോഗികളെ പരിശോധിക്കുകയും 500–ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തു. മസൂരി മൂലമാണ് പലർക്കും അന്ധത ബാധിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

....

## ബേസിക് ഹെൽത്ത് വർക്കേഴ്സ് ഓർഗനൈസിംഗ് കമ്മറ്റി

തൃശ്ശൂർ മേ. 11

ബേസിക് ഹെൽത്ത് വർക്കേഴ്സ് ഓർഗനൈസിങ്ങ് കമ്മറ്റിയുടെ ഒരു യോഗം പി. രാഘവൻവൈദ്യരുടെ അദ്ധ്യക്ഷതയിൽ കൂടുകയും 'കേരള ബേസിക് ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ' എന്ന സംഘടന രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

ഈ ജീവനക്കാരെ പിരിച്ചുവിട്ട കാലയളവിൽ ശമ്പളം, സ്വീസ് മുതലായവ അനുവദിക്കുക, പെർമനൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്കുക, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുക, വാഷിക ഇംക്രിമെൻറ് അനുവദിക്കുക, ഈ ജീവനക്കാരെ നിയമിച്ച കാലംമുതൽ പി. ടി. എ. അനുവദിക്കുക, എന്നീ ആവശ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു് കൊടുക്കുവാനും അസോസിയേഷന്റെ ജനറൽബോഡിയോഗം എറണാകുളത്ത് ജൂലായ് 10, 11 എന്നീ തീയതികളിൽ നടത്തുവാനും അസോസിയേഷൻ ആസ്ഥാനം തല്ക്കാലം തൃശ്ശൂർതന്നെ ആക്കുവാനും യോഗം തീരുമാനിച്ചു.

....

## പാക്കിസ്ഥാനുവേണ്ടിയുള്ള ചൈനീസ്വക്കാലത്തു് പരാജയപ്പെട്ടു

(റോയിട്ടർ) വിനോബ (ഘാന), മേ. 12

ആഫ്രോ–ഏഷ്യൻ സോളിഡാരിറ്റി കോൺഫറൻസിന്റെ നാലാം സമ്മേളനത്തിൽ പാക്കിസ്ഥാനെ വൈസ്പ്രസിഡണ്ടായൊ ഡ്രാഫ്റ്റിംഗ് കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നതിനോ ആയി തിരഞ്ഞെടുക്കുന്നതിനുള്ള ചൈനയുടെ രണ്ടു ശ്രമങ്ങളും എട്ടുകുടുവീഴുന്നതിന്റെ രഹസ്യയോഗം പരാജയപ്പെടുത്തിയിരിക്കുന്നു.

ഡ്രാഫ്റ്റിംഗ്കമ്മറ്റിയിൽ ഇന്ത്യയുടെ പേർ കണ്ടതിനെത്തുടർന്നു് പാകിസ്ഥാനെ ഉൾപ്പെടുത്തണമെന്നു് ചൈന നിർദ്ദേശിച്ചു. പക്ഷെ, ചെയർമാൻ നിർദ്ദേശം നിരസിക്കുകയുണ്ടായതു്. വൈസ്ചെയർമാനായി ഇന്ത്യയുടെ പേർ നിർദ്ദേശിക്കപ്പെട്ടപ്പോൾ ചൈന വീണ്ടും പാകിസ്ഥാന്റെ പേർ ഉന്നയിക്കുകയും ഇന്ത്യ ഇപ്പോൾ ഡ്രാഫ്റ്റിംഗ്കമ്മറ്റിയിൽ ഉള്ളതിനാൽ പാക്കിസ്ഥാനു് വൈസ് പ്രസിഡണ്ടുപദമെങ്കിലും നൽകണമെന്നു് ചൈന വാദിക്കുകയും ചെയ്തു. എന്നാൽ ചൈന വീണ്ടും പരാജയപ്പെടുകയാണുണ്ടായതു്.

....

## തൃശ്ശൂർ വാർത്തകൾ

(സ്വ. ലേ) തൃശ്ശൂർ മേയ് 12

### പ്രമാണപത്രങ്ങൾ നൽകി

അലൈഡ് ഹിന്ദി കോളേജി (തൃശ്ശൂർ)ലെനിന്നു വിവിധ ഹിന്ദി പരീക്ഷകൾക്കു് വേണ്ട വിജയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള പ്രമാണപത്രം, മേയ് 16–ാംനേ ഞായറാഴ്ച ഉച്ചതിരിഞ്ഞു് 3മണിക്കു് ബസ്സ്റ്റാന്റിനു സമീപമുള്ള കോളേജ് ഹാളിൽവെച്ചു് കൂടുന്ന സമ്മേളനത്തിൽ, കേരള സർവ്വകലാശാല ഹിന്ദി വിഭാഗാദ്ധ്യക്ഷൻ പ്രൊ. എ. പരമേശ്വരൻ നൽകുന്നതായിരിക്കും. പ്രസ്തുത സമ്മേളനത്തിൽ കേരളവർമ്മ കോളേജ് പ്രിൻസിപ്പൽ ശ്രീ വി. പി കണ്ണൻനായർ അദ്ധ്യക്ഷതവഹിക്കുന്നതും, വിദ്വാൻ വി. പി. ജോസഫ് പ്രസംഗിക്കുന്നതുമായിരിക്കും.

....

## ഷില്ലോങ്ങിലെ പാക് ഓഫീസ് അടയ്ക്കാൻ ഉത്തരവായി

[പി ടി ഐ] ന്യൂഡൽഹി, മേയ് 12

**ഷില്ലോങ്ങിലുള്ള അസിസ്റ്റൻറ് പാക്കിസ്ഥാൻ ഹൈക്കമ്മീഷണറുടെ ഓഫീസ് അടുത്തമാസം 15–ംതിയതി മുതൽ പൂട്ടിയിടുവാൻ പാക് ഹൈക്കമ്മീഷനോടു് ഇന്ത്യാഗവണ്മെന്റ് ആവശ്യപ്പെട്ടിരിക്കുന്നതായി അറിയുന്നു.**

ഇവിടെയുള്ള പാക്കിസ്ഥാൻ ഹൈക്കമ്മീഷണക്കായി വിദേശമന്ത്രി കാര്യാലയം നൽകിയ ഒരു കരിപ്പിലാണ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നതു്.

ഷില്ലോങ്ങിലെ പാക്കിസ്ഥാനി ഓഫീസ്, അട്ടിമറിയിലും ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങളിലും മുഴുകിയിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ അടച്ചിടൽ കല്പന നൽകിയിരിക്കുന്നതെന്നും പ്രസ്താവിക്കപ്പെട്ടു

....

## മംഗലാപുരം കത്തോലിക്കർക്ക് പ്രശംസ

[പി. ടി. ഐ] മംഗലാപുരം, മേ. 12

രജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കുമായി വമ്പിച്ച തോതിൽ വൈദികരേയും കന്യാസ്ത്രീകളേയും സേവനമനസ്കരാക്കുന്നതിനായി അയച്ചുകൊണ്ടു് സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നതിനാണ് മംഗലാപുരം കത്തോലിക്കരെ പ്രസിഡണ്ട് ഡോ: രാധാകൃഷ്ണൻ പ്രശംസിച്ചതു്.

തന്നിക്കും പുതിയ മെത്രാൻ റൈറ്റ് റവ: ഡോ: ബാസിൽ ഡിസൂസാ തിരുമേനിക്കും, ദക്ഷിണ കണ്ണാടക കാത്തലിക് അസോസിയേഷൻ നല്കിയ സ്വീകരണത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ: തിരുമേനി മാപ്പിളപ്പാട്ടിനും തിരുമേനിയുടെ ആശീർവ്വാദം നൽകുകയും പുതിയ മെത്രാനു് എല്ലാ സഹകരണവും പ്രോത്സാഹനവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

....

## ബി. എസ്. എസിന്റെ വക ആലപ്പുഴയ്ക്കൊരു സദാചാരസമിതി

ആലപ്പുഴ, മേ. 10

ആലപ്പുഴ ജില്ലയ്ക്കുവേണ്ടി പുതിയതായി ഒരു സദാചാരസമിതി രൂപീകരിച്ചിരിക്കുന്നു എന്നു് ജില്ലാ ബി. എസ്. എസ്. കൺവീനർ അറിയിച്ചിരിക്കുന്നു. കെ. ശ്രീനിവാസൻ, ടി. എ. അബ്ദുള്ളാ, എൻ. ജെ. മാത്യു, റവ. ഫാദർ ജോസഫ് തെക്കേപ്പാലയ്ക്കൽ (ആലപ്പുഴ) ശ്രീമതി ലിസി ജോർജ്ജ് അന്തപ്പൂർ (ചേന്തല) ശ്രീമതി സാറാമ്മ ജേക്കബ്ബ് (എടത്വ) ഡോ. എസ്. മധുസൂദനൻ (നഞ്ചുർകുളങ്ങര), ഡോ. ജോർജ്ജ് താമസ് (കോളഭാഗം) സി. കെ. ശങ്കരപ്പിള്ള (ചെങ്ങന്നൂർ), എം. വി. വർഗ്ഗീസ് (തിരുവല്ല) കെ. ഈ മാമൻ (കറുകർ) എൻ. എം. മുഹമ്മദ് അബ്ദുൾഖാദർ [ആലപ്പുഴ] ഡോ. ജേക്കബ്ബ് ജോൺ [ആലപ്പുഴ] ബി. എസ്. എസ്. കൺവീനറായ ജേക്കബ്ബ് ജോൺ സമിതിയുടെ ചെയർമാൻകൂടിയായിരിക്കും. പ്രസ്തുത സമിതിയുടെ ആദ്യയോഗം മേയ് 16–ാംനേ കൺവീനറുടെ വസതിൽ ചേരുന്നതാണ്.

....

## ആസ്പത്രിവാർഡ് ഉൽഘാടനം ചെയ്തു

മംഗലാപുരം മേയ് 12

ഇവിടേക്കടുത്തു് കങ്കനാഡിയിൽ ഫാദർ മുള്ളറിന്റെ ചാരിറബിൾ ഇൻസ്റ്റിറ്റ്യൂഷനോടനുബന്ധിച്ചുള്ള ഒരു ആസ്പത്രിവാർഡ് ഇൻറർനാഷിയോ തിരുമേനി ഉൽഘാടനംചെയ്തു. ഇതിൽ 40 കിടക്കകളുണ്ട്. രോഗിക ളുടെ നിരാലംബരേയും ശുശ്രൂഷിക്കുന്നതുപോലെ മഹത്തരമായ മറ്റൊന്നില്ലെന്നു് തദവസരത്തിൽ തിരുമേനിപറഞ്ഞു; ഈ വാർഡിന്റെ നിർമ്മിതിക്കു് ഉദാരമായ സംഭാവനകൾ ന